The general policy adopted both by Government and NGOs in 'rebuilding Kerala' is substituting all that we have lost in the recent flood 2018. Substitution policy is again in the long run detrimental, not suitable and practicable ecologically. Future constructions and developments should become feasible and in tune with the local environmental and climatic conditions that results in ecology-based transformation in every field. That is the fulfilment of building an eco-friendly sustainable 'green Kerala'.




**4. Conclusion**

It is the committed duty of the Church to take up the ecological concerns and protection of the environment and its created orders and systems as an integral part of Church Mission, which may be called as 'green/eco-mission. As there is direct correlation between Climate Change and Climate Justice Issues, climate justice ministries should become a major task of green mission of the Church. The whole creation is groaning for the restoration and sustenance of Eco-justice. As God's covenant was not only with Noah but also with the whole creation (Gen. 10:10), protection and redemption of Nature is also a part of our mission. Failure of this mission may lead to catastrophic natural casualties that are beyond human control. The Earth and everything in it belong to our God and therefore He alone is the owner of Nature. As we are stewards and caretakers, our call is to participate in the mission of God towards the protection and redemption of Nature against the exploitative greed of a microscopic minority and, thereby enhancing the abundance of life and its celebration on our planet, Earth.

As 'Environmental Optimists' believe, everything shall be restored, if we (1) place our prayerful ultimate hope in the creator God, (2) repent our ecological sins that have worsened the environmental impacts in various ways and (3) transform our development strategies from Nature-hostile megaprojects to ecosystem-friendly and viable small scale activities. In the context of this ruinous flood 2018, let us (1) commit ourselves to fight against the climate injustice, (2) appreciate and be grateful the Government, Police, Military, Fishermen community, local people who served as dedicated volunteers and the religious and other institutions who provided 'sanctuaries' for the affected (3) pray for the Government and non-Governmental agencies involved in relief and rehabilitation operations and (4) involve in rebuilding a transformed eco-friendly green Kerala, the God's own country with increased enthusiasm and commitment.

**REQUIRED**

**ACCOUNTANT** for MGM Group of Institutions. Candidates with B.com/M.com and knowledge of tally shall send their application to

The Diocesan Education Officer
St Thomas Mission
Kailash Nagar, I.E.P.O
Bhilai, Dist. Durg (C.G)
Or

**Email to - deocalcutta@gmail.com**




# അവർക്ക് വീഞ്ഞില്ല.

**സിസ്റ്റർ ലൂദിയ, ഭിലായ്**



അന്ന് ഒരു നാൾ, യേശുവും മാതാവും ശിഷ്യന്മാരും കൂടി കാനാവിലെ ഒരു കല്യാണത്തിന് ക്ഷണിക്കപ്പെട്ടവരായി കടന്നു ചെന്നു. കല്യാണവിരുന്ന് കേമമായി നടക്കുകയാണ്. അതിഥികൾ പരസ്പരം കണ്ടുമുട്ടുന്നു, സ്നേഹസംഭാഷണങ്ങൾ നടക്കുന്നു, എല്ലാവർക്കും ഒരുപാട് കാര്യങ്ങൾ കൈമാറുവാനുണ്ട്. ഇതുപോലുള്ള കൂടിവരവിലാണല്ലോ എല്ലാവരും ഒന്നു കണ്ടുമുട്ടുക. അങ്ങനെ ലഭ്യമായ നാഴികകൾ അൽപംപോലും പാഴാക്കാതെ കുശലാപറച്ചിലും പൊട്ടിച്ചിരികളും ഒക്കെയായി വലിയവർ അവരുടെ ലോകത്തും കൊച്ചുകുട്ടികൾ കൊച്ചുകൊച്ചു കുസൃതികളുമായി അവരുടെ ലോകത്തും. ക്ഷണിക്കപ്പെട്ട ഗുരുവും ശിഷ്യന്മാരും സ്വീകരണമുറിയിൽത്തന്നെയുണ്ട്. വെളിയിൽ ലഹരിപിടിച്ച സദ്യവട്ടം നടക്കുന്നു. പിന്നാമ്പുറത്തെകാര്യം ആരും അറിയുന്നില്ല.

അങ്ങനെ വളരെ സന്തോഷകരമായ അനുഭവത്തിൽ യേശുവിന്റെ മാതാവ് പിന്നാമ്പുറത്തുകൂടി ഇറങ്ങിവന്നു. മകന്റെ ചെവിയിൽ എന്തോ മന്ത്രിച്ച് തിരിച്ചു പോയി. അത് മറ്റൊന്നുമായിരുന്നില്ല, മകനേ അവർക്ക് വീഞ്ഞില്ല. മകൻ അത് ശ്രദ്ധിച്ചുകേട്ടു ഒരു ചെറിയ മറുപടിയും. വീഞ്ഞു തീർന്നു പോയെങ്കിൽ നമുക്കെന്താ, എന്റെ സമയം ആയിട്ടില്ലല്ലോ. അമ്മ മെല്ലെ നടന്നു നീങ്ങി. പരിഭ്രാന്തരായ വീട്ടുകാരുടെ അടുത്തേക്ക് അവർക്ക് ആശ്വാസം കൊടുക്കുവാൻ. പോയ വഴിയിൽ വിരുന്നുകാരുടെ കാൽകഴുകി അകത്തേക്ക് ആനയിക്കുവാൻ കൽഭരണിയിൽ വെള്ളം നിറയ്ക്കുവാൻ പരിചാരകർ നിൽക്കുന്നു. അവരോട് ഒരു വാക്കുമാത്രം പറഞ്ഞു. യേശു എന്തെങ്കിലും പറഞ്ഞാൽ അത് ചെയ്യുവിൻ. അവിടെയും മറുപടിക്ക് കാത്തു നിൽക്കാതെ അമ്മ നടന്നു നീങ്ങി. അമ്മ വന്ന് ചെവിയിൽ പറഞ്ഞകാര്യം കൂടെയിരുന്ന ശിഷ്യന്മാർപോലും അറിഞ്ഞില്ല. യേശു മെല്ലെ അവിടെനിന്നും എഴുന്നേററു. വേറെ എവിടേയ്ക്കുമല്ല, തന്റെ പിതാവിനോട് അമ്മ പറഞ്ഞ കാര്യം അറിയിക്കുവാൻ. പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ ലോകത്തിലേക്ക് വന്ന പുത്രന് സ്വയമായി തീരുമാനങ്ങൾ ഒന്നുമില്ല. ഹൃദയം സ്വർഗ്ഗത്തിലേക്കുയർത്തി ഒരു ചെറിയ സംഭാഷണം. പിതാവേ അവിടുന്നെന്നെ അയച്ചത് അവിടുത്തെ ഇഷ്ടം ചെയ്യുവാനാണല്ലോ. വേല തുടങ്ങാൻ സമയവും ആയിട്ടില്ല. എന്നാൽ അമ്മ ഇതാ പറയുന്നു അവർക്ക് വീഞ്ഞില്ല എന്ന്. എന്തു ചെയ്യണം. ഒരു ചെറുപുഞ്ചിരിയോടെ പിതാവ് പറഞ്ഞു. മകനേ സമയമായില്ല എന്നത് സത്യം തന്നെ. എന്നാൽ നമ്മുടെ വേലയ്ക്ക് സമയം ഒരുക്കിത്തന്നവൾ അവളല്ലേ, അന്ന് ആ ചെറിയ പെൺകട്ടിയോട് നിന്നെ എന്റെ വേലയ്ക്ക് തെരഞ്ഞെടുത്തു എന്നു പറഞ്ഞപ്പോൾ, ഇതാ ഞാൻ കർത്താവിന്റെ ദാസി അവിടുത്തെ ഹിതം പോലെ ഭവിക്കട്ടെ എന്ന് മറപടി തന്നില്ലായിരുന്നെങ്കിൽ നമ്മുടെ വേല എവിടെയാകുമായിരുന്നു. ഭൂമിയിൽ വന്നുപിറക്കാൻ വചനമായ ദൈവത്തിന് ഇടം തന്നത് അവളല്ലേ. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും എന്ന് പ്രവാചകന്മാർ പറഞ്ഞത് ഒരു അത്ഭുതമായി സംഭവിച്ചു എങ്കിൽ രക്ഷണ്യ വേലയുടെ ആദ്യത്തെ അത്ഭുതവും അമ്മയുടെ വാക്കാൽത്തന്നെ ആകട്ടെ. മാത്രമൊ അമ്മ ആഗ്രഹിച്ച കാര്യം അവൾക്കുവേണ്ടി അല്ലല്ലോ പരിഭ്രാന്തരായ ഒരു സമൂഹത്തിനുവേണ്ടിയാണല്ലോ. അവർക്ക് വീഞ്ഞില്ല.

അങ്ങനെ പിതാവിന്റെ ഇഷ്ടപ്രകാരം അമ്മയുടെ വാക്കുകൾക്ക് പ്രവർത്തനത്തിലൂടെ മറപടിയാകുന്നു. പരിചാരകരുടെ അടുത്തു ചെന്ന് കൽപ്പാത്രങ്ങളിൽ വെള്ളം നിറയ്ക്കുവാൻ പറഞ്ഞു അവർ വക്കോളം നിറച്ചു. അവിടെ ശക്തിയിറങ്ങി മേത്തരമായ വീഞ്ഞ് പതഞ്ഞു തുളുമ്പി. അത്ഭുതം പ്രവർത്തിച്ച മകനൊ ആവശ്യം അറിയിച്ച അമ്മയൊ വെളിയിലേക്ക് വരുന്നില്ല. ആവശ്യം നിറവേറ്റുക അതുമാത്രമായിരുന്നു ലക്ഷ്യം.

ഇത്തരുണത്തിൽ മനസ്സിലേക്ക് കടന്നു വരുന്ന ഒരു ചെറിയ ചിന്ത ഇവിടെ പങ്കുവയ്ക്കുകയാണ്. ആരാലും അറിയപ്പെടാതെ തിരശീലയ്ക്ക് പിമ്പിൽ നിന്നുകൊണ്ട് അനേകരുടെയും ഹൃദയങ്ങളിൽ വീഞ്ഞു പകർന്ന് ജീവിതമാർഗ്ഗം കാണിച്ചുകൊടുത്ത് കടന്നുപോയ ഒരു മഹാത്മാവിന്റെ ചിത്രം. കേരളത്തന്റെ മരുപ്പച്ചയിൽ നിന്ന് ഉത്തരേന്ത്യയുടെ മണൽവീഥികളിലേക്ക് കടന്നു വരുമ്പോൾ മനസ്സിലെ ചിന്ത മറ്റൊന്നുമായിരുന്നില്ല അവർക്ക് വീഞ്ഞില്ല. പട്ടിണിക്കാരോടു ചേർന്ന് പട്ടിണികിടന്ന്, വയൽ വരമ്പിലൂടെ ഒരു കർഷകനായി, ആവശ്യക്കാരുടെ അത്താണിയായി ദൈവസ്നേഹത്തെ ഉപദേശത്തിലൂടെ മാത്രമല്ല പ്രവർത്തനത്തിലൂടെ അനുഭവമാക്കിയ അഭിവന്ദ്യ സ്തേഫാനോസ് മാർ

തേവോദോസിയോസ് തിരുമേനി. മറ്റുള്ളവരുടെ ഇല്ലായ്മയെ പ്രയാസത്തെ തന്റേതായി ഏറ്റെടുത്ത് അവരിലൊരാളായി ജീവിച്ചു. എങ്ങനെ? എന്ന് മനസ്സുരുകുമ്പോൾ കണ്ണുകൾ മുകളിലേക്കുയർത്തി പറയും, അവർക്ക് വീഞ്ഞില്ല.
അവർക്ക് ഭക്ഷണമില്ല, അവർക്ക് ഭവനമില്ല, അവർക്ക് മരുന്നില്ല. അതെ ഇവിടെയൊക്കെ അത്ഭുതമായി നുരഞ്ഞുപൊങ്ങി അനവധി അനുഗ്രഹങ്ങൾ. പറഞ്ഞുകേൾക്കുവാൻ ഇടയായിട്ടുണ്ട് എന്ത് ആഗ്രഹിച്ചുവൊ അത് തമ്പുരാൻ അതാതു സമയത്ത് അയച്ചു തന്നിട്ടുണ്ട്, പല സന്ദർഭങ്ങളിലും പണപരമായി ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ ആഗ്രഹിക്കുന്ന തുകയ്ക്ക് കുറവും കൂടുതലും ആകാതെ കൃത്യമായ തുക ആരിലൂടെയെങ്കിലും എത്തിക്കുമായിരുന്നു എന്ന്. അഭിവന്ദ്യ പിതാവ് കീർത്തിയ്ക്കോ പ്രശംസയ്ക്കോ ഒന്നും കാത്തു നിൽക്കാറില്ലായിരുന്നു. കടമ നിർവ്വഹിച്ച് കടന്നുപോയി. പിതാവ് അടിസ്ഥാനമിട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അക്ഷരത്തിന് ആരംഭം കുറിച്ച എത്ര കുഞ്ഞുങ്ങളാണ് അവരുടെ വരുമാനം തേടി സമൂഹത്തിന് പ്രയോജനം ഉള്ളവരായി പടവുകൾ ചവിട്ടിശോഭിക്കുന്നത്. പിതാവിനെ കണ്ടിട്ടുള്ളവരും കാണാത്തവരുമായ അവർ ആ സ്നേഹവലയത്തിൽ തന്നെയാണ് സംശയമില്ല. എല്ലാക്കാര്യങ്ങളും മനസ്സിൽ സ്വപ്നമായി സൂക്ഷിച്ച് അധികം ആരോടും സംസാരിക്കാതെ ചെറു പുഞ്ചിരിയോടെ കടന്നുപോകുന്ന തിരുമേനി വാചാലനാകുന്ന ചില സന്ദർഭങ്ങളുണ്ടായിരുന്നു. അത് മറ്റൊന്നുമായിരുന്നില്ല താൻ സ്നേഹിച്ച മിഷനും അതിന്റെ പ്രവർത്തനങ്ങളുമായിരുന്നു. ഇന്നത്തെ മിഷന്റെ ഉയർച്ചയിൽ തീർച്ചയായും പിതാവിന്റെ ആത്മാവ് സന്തോഷിക്കുന്നുണ്ടാവും. സ്വന്തമായി നിക്ഷേപങ്ങൾ സൂക്ഷിക്കാതെ അത് നിക്ഷേപിക്കേണ്ടടത്ത് സൂക്ഷിച്ചു. ഇവിടെനിന്നും കടന്നുപോയെങ്കിലും പിതാവ് സ്വർഗ്ഗത്തിൽ നിക്ഷേപിച്ച സമ്പത്ത് അനുഗ്രഹമായി ഇന്നും നാം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. തീരാത്ത വീഞ്ഞായി പകർന്നുകൊടുത്ത അറിവിന്റെ കലവറയിൽ നിന്നും പകർന്നുകുടിച്ചുകൊണ്ട് അനേകം കുഞ്ഞുങ്ങൾ ആ ധന്യ നാമത്തെ സ്മരിക്കുന്നു. പിതാവിന്റെ സ്മരണയ്ക്കു മുമ്പിൽ ഒരായിരം കണ്ണീർപ്പൂക്കൾ സമർപ്പിച്ചുകൊണ്ട് ഒരു നിമിഷം നമ്മുടെ കടമകളെ വിചിന്തനം ചെയ്യാം . ഇന്ന് ലോകം വീഞ്ഞിന്റെ അഭാവത്താൽ വീർപ്പുമുട്ടുകയാണ്. ഒരിറ്റു സ്നേഹത്തിനുവേണ്ടി ഒരു സഹായത്തിനുവേണ്ടി, ഒരു നല്ല ഉപദേശത്തിനുവേണ്ടി. സ്വന്തം പരാതികളും പരിഭവങ്ങളും തീർന്നിട്ടല്ലെ മറ്റുള്ളവരുടെ ഭരണിയിലെ വീഞ്ഞിനെപ്പററി നാം ചിന്തിക്കാറുള്ളൂ. എന്നാൽ അതോടൊപ്പമെങ്കിലും മറ്റുള്ളവരെക്കൂടി ദൈവകരങ്ങളിലേൽപിക്കുവാൻ നമുക്കും ഇടയാകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട്. അഭിവന്ദ്യ തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ.....

**രാപ്പകൽ ഭക്തിയോടുകൂടെ ഉച്ചത്തിൽ ദൈവത്തെ പ്രാർത്ഥിപ്പിൻ. ഈ പ്രാർത്ഥന നമ്മിലുള്ള ഇരുട്ട് നീങ്ങാനും, തളർച്ച തീരാനും, നമ്മുടെ പരമമായ രക്ഷയും മോക്ഷവും ലഭിക്കാനും ഏറ്റവും ഉത്തമമായ മാർഗ്ഗമാകുന്നു.വിശ്വസിച്ചു പ്രാർത്ഥിച്ചു ദൈവത്തെ ഭജിപ്പിൻ**



*പരിശുദ്ധ പരുമല തിരുമേനി*




# ആശംസകൾ...

**മലങ്കര ഓർത്തഡോക്സ് സഭയുടെ കൽക്കട്ടാ ഭദ്രാസനാധിപൻ അഭി. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത തിരുമനസ്സിന്റെ തൃക്കരങ്ങൾ മുഖാന്തിരം കശ്ശീശാ പദവിയിലേക്ക് വിളിച്ചടുക്കപ്പെട്ട ഫാ.ജോഷ്വാ ജേക്കബിന് കൽക്കട്ടാ ഭദ്രാസനത്തിന്റെയും സെന്റ് തോമസ് മിഷന്റെയും ആശംസകൾ**



ഫാ.ജോഷ്വാ ജേക്കബ്
(സിജോ ചാക്കോ)

## *11th Blessed Remembrance of our beloved Thirumeni*



**L.L. Dr. Stephanos Mar Theodosius**

*Inserted By :*

**John Mathai**

Bhopal

*Sunday School Director*

Calcutta Diocese




# "വേദപുസ്തകത്തിലെ മിന്നും താരങ്ങളായ സ്ത്രീരത്നങ്ങൾ

## രൂത്ത് (ഒരു പഠനം;) കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച

തോമസ് പി സി, റായ്പൂർ



**7) രൂത്തിന്റെ സമർപ്പണം:** (രൂത്ത് 2:10 16)
,,എന്നോട് അവൾ സാഷ്ടാംഗം വീണ് അവനോട് ഞാൻ അന്യ ദേശക്കാരത്തി ആയിരിക്കെ നി എന്നെ വിചാരിപ്പാൻ തക്കവണ്ണം നിനക്ക് എന്നോടു ദയ തോന്നിയത് എങ്ങനെ എന്നു പറഞ്ഞു."(വാക്യം 10) രുത്തിന്റെ സമർപ്പണവും താഴ്മയും ഇവിടെ പ്രകടമാകുന്നു. മാത്രമല്ല അവൾ എപ്രകാരമുള്ള ജീവിതമാണ് നയിച്ചിരുന്നത് എന്ന് ബോവസിന്റെ വാക്കുകളിൽ കുടി (വാക്യം 11) നമുക്ക് മനസ്സിലാക്കാൻ സാധിക്കും. തുടന്ന് ബോവസ് അവളെ അനുഗ്രഹിച്ച് പ്രാർത്ഥിക്കുന്നതായും കാണുന്നു. ദൈവമക്കൾ എപ്രകാരം ജീവിക്കണമെന്ന്, പ്രത്യേകിച്ച് മരുമക്കൾ എങ്ങനെ ജീവിക്കണം എന്നു രുത്തിന്റെ ജീവിതത്തിൽ കുടി മനസ്സിലാക്കണം. ഒന്ന് സമർപ്പണവും താഴ്മയും ഉള്ള ജീവിതം, രണ്ട് മറ്റുള്ളവർക്ക് അനുഗ്രഹമായിത്തീരുന്ന ജീവിതം,മൂന്ന് സാക്ഷ്യമുള്ള ജീവിതം. മറ്റൊരുകാര്യം ശ്രദ്ധിക്കുകയാണെങ്കിൽ ഒരു നേരത്തേ ആഹാരത്തിനും, കുടിക്കുവാനും ബോവസിന്റെ വയലിലുണ്ട് എന്നുള്ളതാണ്.അവൾ തിന്നു തൃപ്തയായി ശേഷിപ്പിക്കുകയുംചെയതു.(വാ:14) യേശു പറഞ്ഞു ""എന്തു തിന്നും, എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവനായിക്കൊണ്ടും എന്തുടുക്കും എന്നു ശരീരത്തിനായി രുത്തക്കൊണ്ടും വിചാരപ്പെടരുത് (മത്തായി.6;25)

**8) യഥാർത്ഥ വീണ്ടെടുപ്പുകാരൻ:**
രുത്ത് വൈകുന്നേരം വരെ യവം പെറുക്കി.ഒരുപറ യവം അവൾക്ക് ലഭിച്ചു. ഇതിൽ നിന്നുംചിലത് ആത്മീക വശങ്ങൾ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു . ഒന്ന് വളരെ നാളുകൾ ഇവിടെ അദ്ധ്വാനിക്കേണ്ടിവരികയില്ല. നമുക്ക് ഒരു വൈകുന്നേരം ഉണ്ട്.
രണ്ട് ഇവിടുത്തെ അദ്ധ്വാനത്തിനനുസരിച്ച് നമുക്ക്പ്രതിഫലം ലഭിക്കും. മൂന്ന് ഇവിടുത്തെ അദ്ധ്വാനത്തിനുശേഷം നാം പട്ടണത്തിലെത്തിച്ചേരും (സ്വർഗ്ഗീയ പട്ടണം) രുത്ത് മടങ്ങിവന്നപ്പോൾ നവോമി പറയുന്നു അയാൾ നമുക്ക് അടുത്ത ചാർച്ചക്കാരനും നമ്മുടെ വീണ്ടെടുപ്പുകാരിൽ ഒരുത്തനും അകുന്നു ന്യായപ്രമാണപ്രകാരം അടുത്ത ചാർച്ചക്കാരനു മാത്രമേ രൂത്തിനെ വീണ്ടെടുക്കാൻ സാധിക്കുകയുള്ളു

(ലേവ്യ 25 :26 -28), (ആവർത്തനം 25:5 6)
ഇവിടെയേശുക്രിസ്തുവിനെ ബോവസ് പ്രതിനിധീകരിക്കുന്നു .കർത്താവായ യേശുക്രിസ്തു നമ്മുടെ ചാർച്ചക്കാരനായി നമ്മെ വീണ്ടെടുക്കാനാണ് ബേത്ലഹേമിൽ മനുഷ്യനായി ജനിച്ചത് എന്ന വലിയ സത്യം നാം മറക്കരുത് .അതിനായി നമുക്കു ദൈവത്തെ സ്തുതിക്കാം.

**9) ബോവസു എന്ന വിശ്രമസ്ഥലം:** (രൂത്ത് 3:1-6)
നവോമിക്ക് തന്റെ മരുമകളെകുറിച്ച് ആത്മാർത്ഥമായ ഭാരം ഉണ്ടായിരുന്നുവെന്ന് ഈ ഭാഗത്തു നിന്നും മനസ്സിലാക്കാൻ സാധിക്കും ഇതിന്റെ വെളിച്ചത്തിൽ ഇന്നത്തെ അമ്മായിഅമ്മമാരും മരുമക്കളുടെ ജീവിതഭാരത്തെ തിരിച്ചറിയണം അതുകൊണ്ടാണ്

നവോമി ചോദിക്കുന്നത് "മകളേ നിനക്കു നന്നായിരിക്കേണ്ടതിന് ഞാൻ നിനക്കുവേണ്ടി ഒരു

വിശ്രമസ്ഥലം അന്വേഷിക്കേണ്ടിയോ"?(വാക്യം1) അതായത് ബോവസ് എന്ന വിശ്രമ സ്ഥലത്തെക്കുറിച്ചാണ് നവോമി ഇവിടെ സൂചിപ്പിക്കുന്നത്. പിന്നീടവൾ രുത്തിനു ചില നിർദ്ദേശങ്ങൾ നൽകുന്നു. ഒന്നാമത്തെ നവോമിയുടെ നിർദേശം ബോവോസിന്റെ അടുത്തു വിശുദ്ധിയോടെ ചെല്ലുക എന്നതാണ് (വാക്യം:3) നാം ദൈവസന്നിധിയിൽ ചെല്ലുന്നത് ഏറ്റവും വിശുദ്ധിയോടെ ആയിരിക്കണം. രണ്ടാമത്തെ നിർദേശം രാത്രിയിൽ ബോവസിന്റെ കാൽക്കൽ പോയികിടക്കുക എന്നതാണ്:അക്കാലത്തെ രണ്ടാചാരങ്ങളുടെ വെളിച്ചത്തിൽ വേണം ഇത് മനസ്സിലാക്കാൻ. ബോവസ് അടുത്ത ചാർച്ചക്കാരനും വീണ്ടെടുപ്പുകാരനും ആയതിനാലാണ് നവോമി ഇപ്രകാരം പറയുന്നത്. സദ്ഉപദേശംകൊടുക്കുന്ന അമ്മാവിഅമ്മമാരും അനുസരിക്കുന്ന മരുമക്കളും ഇന്നിന്റെ ആവശ്യമായി മാറേണ്ടിയിരിക്കുന്നു.അമ്മാവിയമ്മയായ നവോമിയുടെ ഉപദേശത്തെ അനുസരിക്കുന്ന മരുമകളായ രുത്തിനെ നമുക്കിവിടെ കാണാൻ കഴിയുന്നു. ഈ അമ്മാവിഅമ്മ മരുമകൾ ബന്ധം ക്രിസ്തീയ കുടുംബഭദ്രതയ്ക്ക് ഇന്നാവശ്യമാണ്.

**10) ദൈവ കൃപയാകുന്ന പുതപ്പ്;** (രുത്ത്;3;7-13)
ബോവസ് ആ രാത്രിയിൽ, കളത്തിൽ വന്നു കിടന്നു. അർദ്ധരാത്രിയിൽ അവൻ ഞെട്ടി ഉണർന്നപ്പോൾ ഒരു സ്ത്രീ തന്റെ കാൽക്കൽ

കിടക്കുന്നു. ആരാണെന്ന ചോദ്യത്തിന് ''ഞാൻ നിന്റെ ദാസിയായ രൂത്ത്,, എന്ന മറുപടി. പിന്നീട് രൂത്ത് പറയുന്നു.,, നിന്റെ പുതപ്പ് അടിയന്റെ മേൽ

ഇടേണമേ' അവൾ പറയുന്നത് ഇതാണ് ഞാൻ അന്യ ജാതിക്കാരി നിന്റെ അടുക്കൽ വരുവാൻ ഒരു യോഗ്യതയുമില്ലാത്തവൾ,, നിന്റെ കൃപയാകുന്ന പുതപ്പ് "എന്റെ മേൽ ഇട്ട് എന്നെ സ്വീകരിക്കണമേ,, ഇവിടെയും രൂത്തിന്റെ സമർപ്പണവും ഏറ്റുപറച്ചിലും കാണാൻ സാധിക്കുന്നു. പരിശുദ്ധാത്മാവിന്റെ നിയോഗത്തിന് വി.കന്യകമറിയാം തന്നെ സമർപ്പിക്കുന്നതിന്റെ ഒരു നിഴൽ നമുക്കിവിടെ ദർശിക്കുവാൻ കഴിയുന്നു(ലൂക്കോസ് 1;38)

ബോവസ് പറയുന്നു''നീ ചോദിക്കുന്നതൊക്കെയും ഞാൻ ചെയ്തുതരാം'' ഇപ്രകാരം പറയുവാൻ ഒരാൾക്കു മാത്രമെ കഴിയു. അത് കർത്താവായ യേശുവാണ്.,, ഇവിടെ ബോവസ് ക്രിസ്തുവിന്റെ നിഴലാണ്. അടുത്ത ചാർച്ചക്കാരനാണ് അതിന് യോഗ്യൻ.അങ്ങനെ ഒരാൾ ഉള്ള കാര്യം ബോവസ് സൂചിപ്പിക്കുന്നു.അദ്ദേഹത്തിന് താൽപര്യമില്ലെങ്കിൽ താൻ അവളെ വീണ്ടെടുക്കാമെന്ന് ഉറപ്പ് നൽകുന്നു. പ്രിയമുള്ളവരേ കർത്താവ് നമ്മെ വീണ്ടെടുത്തത് ദൈവത്തിന്റെ കൃപ ഒന്നുകൊണ്ട് മാത്രമാണ്. അതിന് നാം എപ്പോഴും നന്ദിയുള്ളവരോ?

**11.സകലതും നൽകുന്ന ഉടയവൻ:** (രൂത്ത് 3:14-18)

ബോവസിന്റെ കാൽക്കൽ കിടന്നുറങ്ങിയ രൂത്ത് അതിരാവിലെ തന്നെ അവിടെ നിന്നും പോകുന്നു. കാരണം അപവാദം ഉണ്ടാകാൻ ഇടയാകരുത്. അവൾ പോയപ്പോൾ വെറും കൈയ്യോടെ ബോവസ് അവളെ വിട്ടില്ല ആറിടങ്ങഴി യവവും അളന്നു കൊടുത്തു.ഒരു യഥാർത്ഥ ഉടയവന്റെ കടമയാണ് ബോവസ് ഇവിടെ നിർവ്വഹിച്ചത്.നമ്മുടെ ഉടയവനും രക്ഷകനുമായ കർത്താവിന്റെ സന്നിധിയിൽ ചെല്ലുന്ന ഒരു വ്യക്തിയേയും താൻ വെറും കൈയ്യോടെ അവൻ വിടില്ല. ''എന്റെ ദൈവമൊ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തു യേശുവിൽ പൂർണ്ണമായി തീർത്തുതരും(ഫിലിപ്പിയർ.4;19). പിന്നീട് നവോമി പറയുന്നു;''എന്റെ മകളെ ഈ കാര്യം എന്താകുമെന്നറിയുവേളം നീ അനങ്ങാതിരിക്കുക. ഇന്ന് ഈ കാര്യം തീർക്കും വരെ ഈ ബോവസ് സ്വസ്ഥമായിരിക്കുകയില്ല എന്നു പറഞ്ഞു.(വാക്യം) ഇതുപോലെ നമ്മുടെ സ്വർഗ്ഗീയ മണവാളനായ കർത്താവും സ്വസ്ഥമായിരിക്കുന്നില്ല. അവൻ നമുക്കുവേണ്ടി സ്ഥലം ഒരുക്കാൻ പോയിരിക്കുന്നു. അത് ഒരുക്കി തീർന്നു കഴിയുമ്പോൾ അവൻ നമ്മെ അടുക്കൽ ചേർത്തുകൊള്ളും(യോഹ;14;2-3) . പ്രിയ അമ്മച്ചിമാരെ നവോമിയെപ്പോലെ നിങ്ങൾ നിങ്ങളുടെ മരുമക്കളെ ക്രിസ്തുവാകുന്ന വീണ്ടെടുപ്പുകാരന്റെ സന്നിയിലേക്കു നയിക്കുന്നുണ്ടോ?

**12. വീണ്ടെടുപ്പുകാരന്റെ പ്രത്യേകതകൾ;** (രൂത്ത്4;1-8)

ഇവിടെ ബോവസ് മുൻകൈയ്യെടുത്ത് നൊവോമിയുടെ ഏറ്റവും അടുത്ത ചാർച്ചക്കാരനെക്കൊണ്ട് രൂത്തിനെ വിവാഹം കഴിപ്പിക്കാൻ ശ്രമിക്കുന്നു.(ന്യായപ്രമാണപ്രകാരം) ബോവസ് അവനോട് പറയുന്നു. ,,നിനക്കു വീണ്ടെടുപ്പാൻ മനസ്സുണ്ടെങ്കിൽ വീണ്ടെടുക്കുക,, (വാക്യം;4) വീണ്ടെടുപ്പുകാരന്റെ ഒരു പ്രത്യേകത വീണ്ടെടുക്കാൻ മനസ്സുണ്ടായിരിക്കണം. കർത്താവായ യേശുക്രിസ്തു സകല ജാതിയേയും വീണ്ടെടുക്കാൻ മനസ്സായതുകൊണ്ടാണ് ഒരു മനുഷ്യനായി ഈ ലോകത്തിലേക്ക് വന്നത്. വീണ്ടെടുപ്പുകാരന്റെ രണ്ടാമത്തെ പ്രത്യേകത; സ്വന്ത അവകാശം നഷ്ടപ്പെടുത്തുവാൻ തയ്യാറാവണം. അടുത്ത ചാർച്ചക്കാരൻ വ്യക്തി പറയുന്നു; ,,എന്റെ സ്വന്ത അവകാശം നഷ്ടമാക്കേണ്ടിവരും,, (വാക്യം 6) അതിന് ആ ചാർച്ചക്കാരൻ തയ്യാറല്ല. നമ്മുടെ കർത്താവ് തന്റെ സകല സ്വർഗ്ഗീയ മഹത്വവും വെടിഞ്ഞാണ് ലോകജനതയെ മുഴുവനും വീണ്ടെടുക്കുവാൻ ഈ ലോകത്തിലേക്ക് വന്നത്. അടുത്ത ചാർച്ചക്കാരൻ അന്നത്തെ നിയമപ്രകാരം രൂത്തിനെ വീണ്ടെടുക്കുവാൻ മനസ്സുള്ളവനായ ബോവസ്സിനു തന്റെ ചെരിപ്പൂരി നൽകുന്നു. അങ്ങനെ രൂത്ത് ബോവസിനാൽ വീണ്ടെടുക്കപ്പെടുന്നു.




**13.ഒരു വിവാഹം.** (രൂത്ത് 4;9-12)ഭ

ഈ ഭാഗത്ത വലിയൊരു ഉത്സവ പ്രതീതി കാണാൻ സാധിക്കും . ബേത്‌ലഹേമിൽ ഒരു വലിയ വിവാഹം നടക്കുന്നു.മൊവാബ്യ യുവതിയും, വയലിൽ പെറുക്കിക്കൊണ്ടിരുന്നവളുമായ രൂത്ത് ബോവസിന്റെ ഭാര്യയായിത്തീരുന്നു.ദൈവത്തിന്റെ കൃപ ഒന്നുമാത്രമാണ് രൂത്തിന് ഈ സ്ഥാനത്ത് എത്താൻ സാധിച്ചത്. ഇതുപോലെ പാപാന്ധകാരത്തിൽ കിടന്നതായ നാം ഓരോരുത്തരും ദൈവത്തിന്റെ കരുണ ഒന്നുകൊണ്ട് മാത്രമാണ് കർത്താവിന്റെ മണവാട്ടിയായിത്തീരുവാൻ ഇടയാക്കുന്നത്.പട്ടണത്തിലെ മൂപ്പന്മാരുടെയും ജപങ്ങളുടെയും മദ്ധ്യേവെച്ച് നടക്കുവാൻ പോകുന്ന കുഞ്ഞാടിന്റെ കല്യാണത്തിന്റെ ഒരു നിഴൽകൂടിയാണിത്. വിവാഹ നിശ്ചയയം ചെയ്യപ്പെട്ടരിക്കുന്ന് സഭയാകുന്ന മണവാട്ടിയെ കർത്താവ് സ്വീകരിക്കുവാൻ പോകുന്നു എന്നത് എത്ര സന്തോഷകരമായ അനുഭവമാണത്. ആ വിവിഹ നാളിനായി വിശുദ്ധിയോടെ നാം കാത്തിരിക്കാം.

**14.ഒരു അന്യ ജാതിക്കാരിക്രിസ്തുവിന്റെ വംശാവലിയിൽ:** (രൂത്ത് 4:13-22)

രൂത്ത് ബോവസിന്റെ ഭാര്യയായിത്തീർന്നു. അവൾ അവളുടെ സമയം തക്കത്തിൽ ഉപയോഗിച്ചു എന്ന് വേണമെങ്കിൽ പറയാം .കാരണം അനുജത്തിയായ ഓർപ്പയെപ്പോലെ സ്വന്തജനത്തിലേക്കും, വിഗ്രഹാരധനയിലേക്കും മടങ്ങിപ്പോയിരുന്നു എങ്കിൽ രൂത്തിന് ഈ സൗഭാഗ്യത്തിൽ പ്രവേശിക്കാൻ സാദ്ധ്യമാകുമായിരുന്നില്ല. നമുക്കും ലഭിക്കുന്ന സമയങ്ങൾ തക്കത്തിൽ ഉപയോഗിക്കുവാൻ, ഭവനത്തിലെ ദൈവീകാന്തരീക്ഷം കാത്തുസൂക്ഷിക്കുവാൻ അമ്മച്ചിമാരും മരുമക്കളുമാരും തയ്യാറകണം. മാത്രമല്ല നവോമിയും രൂത്തും തങ്ങളുടെ ജീവിതത്തിൽ വലിയ ദുഃഖവും ദൗർഭാഗ്യങ്ങളും അനുഭവിച്ചവരാണ്.എന്നാൽ പൂർണ്ണമായി ദൈവത്തിൽ ആശ്രയിച്ചപ്പോൾ ദൈവം അവർക്ക് വലിയ സന്തോഷവും പ്രത്യാശവും, ജീവിതത്തിന് അർത്ഥവും നൽകി അനുഗ്രഹിച്ചു.

ദൈവത്തിൽ ആശ്രയിക്കുന്നവരെ ദൈവം ഒരുനാളും തള്ളിക്കളയുകയില്ല. രൂത്തിൽ ബോവസിന് ഒരുമകൻ ജനിച്ചു, ഓബേദ് . ദാവീദിന്റെ വല്ല്യപ്പൻ . ഇവൻ തന്നെയാണ്. രൂത്തിന്റെ ജീവിതത്തിലെ ഏറ്റവും സൗഭാഗ്യകരമായകാര്യം യേശുക്രിസ്തുവിന്റെ വംശാവലിയിൽ ഒരംഗമായിത്തീരാൻ സാധിച്ചു എന്നതാണ്. ദൈവത്തിൽ പ്രത്യാശവയ്ക്കുന്നവരെ ദൈവം ഉയർത്തും എന്നതാണ് ഇതിൽ നിന്നും , മനസ്സിലാക്കേണ്ടത്. സ്വാഭാവികമായി രൂത്ത് ആ പദവിയിൽ എത്തുമായിരുന്നില്ല.അവളുടെ സമർപ്പണവും സത്യദൈവത്തിലുള്ള വിശ്വാസവും, സ്നേഹമുള്ള അമ്മായിഅമ്മയായ നവോമിയുടെ സമീപനവും ബോവസിന്റെ പരിഗണനയും ദൈവകൃപയിലേക്ക് രൂത്തിനെ നയിക്കുവാൻ ഇടയാക്കി. ക്രിസ്തീയ കുടുംബങ്ങളുടെ ഭദ്രതയ്ക്ക് ഒരു മാതൃകയായിരിക്കട്ടെ രൂത്തിന്റെ സമർപ്പണവും. നിഷ്കളങ്കതയും,വിശ്വസ്തതയും നിസ്വാർത്ഥതയും എന്നാശിച്ചുകൊണ്ട് ഈ പഠനം ഇവിടെ വരെ.




# പരിശുദ്ധ പരുമല തിരുമേനിയുടെ മെത്രാൻ സ്ഥാനലബ്ധി



മലങ്കര സഭയുടെ ചരിത്രത്തിലെ നിർണ്ണായകമായ വഴിത്തിരിവായിരുന്നു പത്രോസ് പാത്രിയർക്കീസിന്റെ മലങ്കരയിലേക്കുള്ള ആഗമനം. 1875 ൽ അദ്ദേഹം മലങ്കരയിൽ എത്തി. പല പള്ളികളിലും സന്ദർശിക്കേണ്ട അദ്ദേഹത്തിന് ഒരു പരിഭാഷകനെ ആവശ്യമായിരുന്നു. സുറിയാനിയിൽ അഗാധപാണ്ഡിത്യമുള്ള ഗീവറുഗീസ് റമ്പാച്ചനാണ് പാത്രിയർക്കീസിന്റെ പ്രസംഗം സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് പരിഭാഷ ചെയ്തിരുന്നത്. അദ്ദേഹത്തിന്റെ വിനയം ദൈവഭക്തി, പാണ്ഡിത്യം എന്നിവയിൽ ആകൃഷ്ടനായ പാത്രിയർക്കീസ്, റമ്പാച്ചന് മെത്രാൻ സ്ഥാനം നൽകണമെന്ന് ആഗ്രഹിച്ചു. പൂർണ്ണസമയം സന്യാസിയായി ജീവിക്കണമെന്ന് ആഗ്രഹിച്ച റമ്പാച്ചന് ആദ്യം അത് അത്ര സ്വീകാര്യമായില്ല. മെത്രാച്ചനാകുമ്പോൾ ഭരണപരമായ കാര്യങ്ങളിലുമൊക്കെ ഇടപെടേണ്ടിവരുമല്ലോ. പൂർണ്ണസമയവും ദൈവഭക്തിയിലും പ്രാർത്ഥനയിലും ഉപവാസത്തിലുമൊക്കെ ചെലവഴിക്കാനാണ് അദ്ദേഹം ആഗ്രഹിച്ചത്. അതേസമയം ദൈവഹിതത്തിന് കീഴ്പ്പെടുവാനും അദ്ദേഹം മടിച്ചില്ല. അങ്ങനെ മെത്രാൻപട്ടം സ്വീകരിക്കുവാൻ തയ്യാറായി. 1876 ഡിസംബർ 10ാം തീയതി വടക്കൻ പറവൂർ പള്ളിയിൽവച്ച് പാത്രിയർക്കീസ് ബാവ രണ്ടു പേർക്ക് മെത്രാൻ സ്ഥാനം നൽകിയതിൽ ഒന്ന് ഗീവറുഗീസ് റമ്പാനായിരുന്നു.അദ്ദേഹത്തോടുള്ള പ്രത്യേക വാത്സല്യത്താൽ യരുശലേം മെത്രാപ്പോലീത്തായുടെ സ്ഥാനപ്പേരായ മാർ ഗ്രീഗോറിയോസ് എന്ന നാമം റമ്പാന് നൽകി. കൂടാതെ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ നിരണം ഭദ്രാസന ഇടവകയുടെ ഭരണ മേധാവിയായി ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ നിയമിക്കുകയും ചെയ്തു. ആ വർഷം തന്നെ മറ്റു നാലു പേർക്കു കൂടി മെത്രാൻ സ്ഥാനം നൽകുകയുണ്ടായി. പുതുതായി അവരോധിക്കപ്പെട്ടവരിൽ ഏറ്റവും പ്രായം കുറഞ്ഞ മെത്രാപ്പോലീത്താ മാർ ഗ്രീഗോറായോസ് ആയിരുന്നു. അന്ന് അദ്ദേഹത്തിന് 29 വയസ്സായിരുന്നു. ഈ കാരണത്താൽ അദ്ദേഹത്തെ എവരും 'കൊച്ചുതിരുമേനി എന്നു വിളിച്ചു വന്നു. ■

## ആദരാഞ്ജലികൾ



### എം.എം. ഉമ്മൻ(85)

ഭിലായ് മാർ ഗ്രീഗോറിയോസ് കത്തീഡ്രൽ ഇടവകാംഗമായ എം.എം. ഉമ്മൻ(85) കർത്താവിൽ നിദ്ര പ്രാപിച്ചു.ശവസംസ്കാരം ഭിലായിൽ നടത്തി.പരേതൻ 1998 മുതൽ സെന്റ് തോമസ് മിഷനിൽ പ്രവർത്തിക്കുന്ന **Santhome Muscat Printers** ന്റെ മാനേജരായി സുദീർഘ്യമായി 20 വർഷത്തോളം സേവനം അനുഷ്ഠിച്ചു. ഭിലായ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ട്രസ്റ്റിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പരേതന്റെ വേർപാടിൽ സെന്റ് തോമസ് മിഷന്റെയും കൽക്കട്ട ഭദ്രാസനത്തിന്റെയും ആദരാഞ്ജലികൾ.



### ഒ. ജോർജ്ജ് (67)

കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗമായ ഒ.ജോർജ് കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം കുടശ്ശനാട് പള്ളിയിൽ നടത്തി. .പരേതൻ റൂർക്കല **M G M Higher Secondary School** ന്റെയും ധൻപുരി **M.G. M. Higher Secondary School** ന്റെയും പ്രിൻസിപ്പാളായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പരേതന്റെ വേർപാടിൽ സെന്റ് തോമസ് മിഷന്റെയും കൽക്കട്ട ഭദ്രാസനത്തിന്റെയും ആദരാഞ്ജലികൾ




# LIBERATIVE MISSION

Fr. Dr. Joshi Varghese, Bhilai

A study of languages shall show that the meaning of almost all the words undergo changes. Both deterioration as well as amelioration of meaning can happen over the period. The same is with the word "Mission". If we examine the history of the Church, we will find the theologians and the Church fathers of different ages giving different shades of meaning to 'Mission'.

It's truly said that "mission is a vast enterprise made up of many kinds of mission, many kinds of activities on cross-culturally by many kinds of Christmas". A great diversity of motives has led to many kinds of missions. For Example, David Livingstone went to Africa, moved in part by desire to make Christ known, in part by the urge to explore and in part by a resolve to end the slave trade. The motive behind agricultural missions, to make greater productivity available to the poor people of Asia and Africa moved considerable number of missionaries. The Presbyterian Sam Higginbottom who founded the Agricultural Institute at Allahabad is one instance. Yet another motive is that of the Wycliffe Bible Translators. They purposed to produce many oral languages to writing and translate a portion of Bible into each. Thus, today mission may refer to "everything done outside our four walls" and "everything the Church does for non-members" (Richard Neibuhr).

Not only the meaning of the word mission, but also the theology of mission has undergone the process of evolution. We can sum up different approaches to mission as (a) Evangelism, (b) Relief Approach, (c) Development Approach, and (d) Liberation model or Social Action Approach.

**I) Evangelism**

About a hundred years ago mission generally meant evangelism. This was a natural evolvement of an overemphasizing and literal interpretation of Jesus' great commissioning. "Go therefore and make disciples off all nations, baptising them......" (Mt. 28:19). Go unto the entire world and proclaim the good news to the whole creation. The one who believes and is baptised will be saved......" (Mk. 16:15, 16). The emphasis was on proclamation and baptism. The missionaries were on fire to pull out the 'pagans' from the ever burning fire of hell and soothe them with the water of baptism. Francis Xavier, who went on a missionary expedition on the Konkan coast and converted in 'en masse' and the British and Danish missionaries who followed equated mission with evangelism.




After World War II, the evangelistic purpose waned and other theological justification for cross- cultural mission were born. Johannes Hoekendijk defined mission as proclamation (*Kerygma)*, fellowship (*Koinonia)* and service (*Diakonia)*. For his mission theology he took the first chapters of Acts, were the Apostles proclaimed the Gospel founded churches (*koinonia*) and engaged in *diakonia*. Evangelism for being the sole end turned out to be one of the three important ends.

**II) Relief / Charity Approach**

The realisation that mission needs to take care of man's physical wants along with spiritual aspect led to the Relief approach. Acts 6- the selection of the 7 deacons to serve the widows and Jesus words".....I was hungry and you gave me food....I was naked and you gave me clothing...." (Mt: 25 : 35-40) served as the biblical basis for this model. As a general rule we can state that the approach to mission came into prominence in the 1940's, though there are a few exceptions earlier.

The Balabhavan and Balikabhavan run by Dr. Stephanos of Blessed Memory at Bhilai and various similar institutions run by our Church and other Churches are examples of this model. It is noteworthy to mention that Mar Theodosius was particular that those kids who were in Bala/Balika Bhavans are given proper care and education. It was also ensured that all the inmates have been provided with job opportunities and help them to settle in life.

Natural calamity, more or less unavoidable human limitations, selfishness of people and an understanding of seeing suffering as God's punishment or 'it is His will' etc. are cited by Joseph Mattom and Sebastian Kim (Dimensions of Missions in India) as the causes that invoke the relief approach. This traditional model of missionary social concern offers relief to the victims. e.g. Malankara Orthodox Church's Relief Projects in Andhra Pradesh, Samat Pipariya in Jabalpur, Orissa, Gujarat and Uttarakhand.

The missionaries involved in this mission live in 'security and go out for services for the poor and return home. "The service oriented approach means that the church personal tend to live set patterns of community life. They share with the poor the local surplus resources and aid that is received".

**III) The Developmental Approach**

The boundary line between the Relief model and Developmental model is narrow and sometimes vague. Here too the poor are seen as objects to be acted upon. The difference with the Relief model is that the time-period of action is longer here. Some of the causes that lead to developmental style of mission are 'lack of human resources, lack of modernization of means of products, over population and wastage of money through habits like drinking and gambling, lack of unity and collaboration among the poor etc.' (Mattom and Kim). The solutions offered are 'acceptance of the situation in life at least temporarily, increase of capital and production, aid as an immediate source of capital, modernization of farming and industries and more developmental schemes in the field of education and health".

Mar Theodosius' concept of Mission also underwent a change due to the experience in the mission field. Our beloved Thirumeni used to say that it is better to teach someone fishing than feeding him with fish. Thus a transition from Charity/ Relief model to developmental model took place. *Abhaya Niketan*, Makodia is a result of shift to developmental model where the empowerment of thousands of women from about one hundred villages were carried out .

However, in the recent history of the church, there emerged the thinking that mission models of Relief and Development are treating only the symptoms, neglecting the cause. The emphasis is on structural change for social justice. This has led to the emergence of the Liberation model of mission.

**IV) Liberation Model / Social Action Approach**

The Liberation approach affirms that God wants justice on earth and that those carrying out direct action to achieve it are doing God's mission. It recognises 'that imported materials and techniques cannot successfully improve the quality of life of people lasting effect. The people being served have to be active participants in the process". From being the objects of charity people are now treated as the subjects of socio - economic development.

**IV a) The Origin of Liberation Theology**

Liberation Theology represents both a social and Theological Movement that emerged in Latin America in the late 1960's. The Latin American countries were colonised by the affluent western nation. This colonisation, an active subjugation and oppression of the indigenous population, led to massive poverty. This exploited and oppressed group of people began to search for values based on their own experiences. They met in small groups known as Basic Christian Communities (BCC) and sought what the Bible tells to the oppressed people. Their coming together in the BCCs led to the realisation that kinds of oppression and exploitation was not limited to the BCCs, and the church was able to "read the signs of the time".

**IV b) A historical overview of the Theology of Liberation**

The II Vatican Council of the Roman Catholics was a turning point for the Liberation Theology. The permeating concern of the council was responsibility of the church towards the poor. Guardian et spes (1965), one of the most important document raised the growing gap between the rich and the poor and the universal mandate to "count social necessities among the primary duties of modern man". An increasing concern to the poor and the realisation of the inadequacies of capitalism were noted in the writings of the Pope.

Another milestone in the history of the Liberative mission is Medellin (Columbia) conference of Latin American Bishops (1968). It marked a movement from the realm of 'doctrines' to the sphere of application; from '*Orthodoxy*' to '*Orthopraxis*'. The hallmark of the Liberation theology, the '*preferential option for the poor*' was asserted at Medillin. The conference urged Christians to be actively engaged in

social transformation and termed 'Institutional violence ' as 'situation of sin'.

The third conference of Latin American Bishops met in Puebla in Mexico. It declared Liberation of people from all bondages as an integral part of Mission. The Church began to be seen as people movement. BCCs were developed as alternative models to the then existing institutional churches. By the end of 1970's, there were about 80,000 BCCs. The Church began to be experienced as the extension of Christ Liberating activity and its mission as "witnessing to life, to life , on behalf of liberation in all its socio-economic and political dimensions". (George Mathew Nalunnakkal - "New Being and New Communities").

**IV c) The Biblical Basis of Liberation Mission**

As already stated the BCCs began to re-read the Bible based on their situation of oppression and suffering. It showed that the God of the Bible chose the poor to become agents of salvation.

**(1) Kingdom of God**

God's ultimate plan and intentions for the whole of creation can be adequately expressed by the biblical term 'Reign of God' or "Kingdom of God'. The ultimate mission of the Church is to be Kingdom of God. St. Paul defines the Kingdom as." The Kingdom of God is not a matter of eating and drinking but matter of Justice. Peace and Joy in the Holy Spirit (Rom 14:17). Not in talk consists and Reign of God but in power (1 Cor 4:20). "To be a Christian means then to transform society, humans, reality and human structures in the direction of justice peace and joy in Holy Spirit" (John Fuellen Bach : "The Theology of Liberation").

**2) Exodus**

The liberative mission takes its inspiration from the Exodus account. The Lord sees the Miserable state of the poor and hears their groans (Ex 3:7, 8). He makes His own plan to liberate this people from the clutches of tyranny and oppression. Since God remains always faithful, all further relation has to be seen in the light of this first act.

**3) The Prophetic Mission**

All the prophets were concerned with the establishment of Justice and doing right towards one's neighbour. They contrasted liturgy and worship with their demand for doing justice (Is 1:17, 58:1-11; Amos 5:21-26: Micah 6: 6-8). To sum up the prophetic mission, '*to know God is to do justice*'.

**4) Jesus the Liberator**

Jesus understood his mission as being in continuity with the great prophet of the Old Testament (Lk 4:16-21 : Mt. 11:1-6). Jesus espoused the poor as his people and had compassion on them "....he had compassion for them, because they were harassed and helpless...." (Mt. 9:36) "Come to me all who labor and are heavy laden and I will give you rest (Mt. 11 : 28). The poor (*anawim*) of the Bible does not refer exclusively to the economically poor but it also includes the socially marginalised ones, the mentally sick, the demoniacs, the physically handicapped like the blind, the deaf, the crippled etc.

Many within the Church have negative attitude towards the liberation model, for they understand it as a political move. But it is not the case. Gustavo Gutierrez, the Godfather of liberation theology states "Liberation in Christ had 3 levels or dimensions. First, there is liberation from social situations of oppression and marginalization that force many to live in conditions contrary to God's will for their life. But it is not enough that we be liberated from oppressive socio-economic structures, also needed is a personal transformation by which we live with profound inner freedom in the face of every kind of servitude; for sin is the breaking of friendship with God and with other human beings...."




**V) The Church in India and Liberative Mission.**

India has much in common with the Latin American countries. The vast gulf between the rich and the poor, oppression on the basis of either race or caste, over population, lack of basic amenities are a few to cite. The onslaught of globalization has worsened the conditions. The Mission of the Church therefore should not be confined in treating the symptoms but curing the cause of these maladies. For that a mission with takes due notice of socio-economic, politico-cultural environments and which involves structural changes has to be launched. An Indian version of Liberation Theology seem to be the best kind of mission approach today.

In fact the liberative model of mission is not new to the Church in India . Dn. M.P. Peter (Pathrose Mar Osthathios Metropolitan) can be treated as a pioneer in this field. He was appointed by the Cochin Royal family as the government's special officer to implement reforms aimed at improving the conditions of the poor and the marginalised section of the then Kerala Society. It was in one of the meetings organised by Dn. Peter that the ordinance of the Cochin Royal family was declared which gave the *parayas* complete freedom of movement. He was also in the forefront of Vaikom Satyagraha, an important episode in India's freedom struggle.

Unfortunately the Church had shunned away from this model of Mission. But what the multitude of the exploited and the marginalised people of India today expect from the Church is this approach of mission. For this the Church needs to be like Christ, who was the *suffering-servant*. It is easy to speak about 'Church for the poor' but it demands much to be done to be transformed in to a 'Church of the poor' as it was in the Apostolic time. As Michael Amaladoss says. "The Church must be open and dynamic. Unless the Church is constantly alive to socio-cultural and political movements and their significance it cannot fulfill its liberative mission. We cannot ignore the sufferings and the needs of the poor. We need to do what we can to alleviate them. To promote justice in the world effectively we have to fight against the causes rather than the effects. These causes are not merely economic and political, but also moral and spiritual. The Gospel does not offer us concrete economic and political ideologies. But it is a moral voice crying against injustice and sin. Its voice is in harmony with the voices of the poor and the oppressed of Earth." ■



# കുഞ്ഞൂഞ്ഞിന്റെ കുണ്ഠിതങ്ങൾ

## ഭാഗം..... 20

ബാബു ജാംഷഡ്പൂർ.



വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്കുവേണ്ടി സഭ എത്രയോ കോടികളാണ് ചെലവഴിക്കുന്നത്? വല്ല പ്രയോജനവും ആർക്കെങ്കിലും ഉണ്ടാകുന്നുണ്ടോ?,,

ജോണിന്റെ സൂക്ഷ്മനിരീക്ഷണ വിശകലനം കേട്ട് കുരിശുംമൂട്ടിൽ തിരികത്തിച്ച് പ്രാർത്ഥിക്കുവാൻ വന്ന ബേബിക്ക് അത്ഭുതം......വീട്ടിലെ പ്രയാസങ്ങളൊക്കെ ഒന്ന് ശരിയാകണമേ എന്ന് മനസ്സുരുകി പ്രാർത്ഥിച്ചു കഴിഞ്ഞപ്പോഴാണ് ജോണിയുടെ ഫിലോസഫി!!! പക്ഷെ സത്യമല്ലെ ജോണി പറഞ്ഞത് സൺഡേസ്കൂൾ അദ്ധ്യാപകനുമായ ബേബിയുടെ പുന: പ്പരിശോധന. എങ്കിലും അലട്ടുന്ന വീട്ടിലെ പ്രയാസങ്ങളും ഭാരങ്ങളും ബേബിയുടെ വായിക്ക് കടിഞ്ഞാൺ ഇടുകയാണ്. ജോണി തുടർന്നു. നമ്മൾ ഈ കേൾക്കുന്ന ക്രിസ്തീയതയും തിയോളജിയുമൊക്കെ സെമിനാറുകളിലും പ്രസംഗങ്ങളിലും ഒതുങ്ങിപ്പോവുകയല്ലെ?

''correct correct''

ജോണിയുടെ പിറകിൽ എത്തിയ ജോയി അഭിപ്രായ പ്രകടനം കേട്ട് ജോണിയെ അഭിനന്ദിക്കുകയായിരുന്നു. ,,എടാ...... നിനക്ക് കുറെ വിവരം വന്നെന്നു തോന്നുന്നല്ലൊ?........

എന്താടാ നീ നന്നാകാൻ തീരുമാനിച്ചോ?,, ജോയി വിഷയ ഗൗരവം ലഘൂകരിച്ച് ജോണിയെ Normal ആക്കുവാൻ ശ്രമിക്കുകയായിരുന്നു.

വൈകുന്നേരങ്ങളിൽ യുവാക്കൾ കവലയ്ക്കലുള്ള കുരിശുമ്മൂടിന്റെ നടകളിൽ ഒത്തുകൂടുക പതിവാണ്. തമാശകളും നാട്ടിലെ പ്രശ്നങ്ങളും ഒക്കെ ചർച്ചയ്ക്ക് വരും. അസ്തമിക്കുന്ന ദിവസത്തെ മുഴുവൻ മാനസീക പിരിമുറുക്കങ്ങളും ഈ തമാശകളും ചിരിയും അട്ടഹാസങ്ങളും ഏറ്റെടുക്കും. മക്കവരും വിദ്യാലയങ്ങളിൽ നിന്നും ജോലിസ്ഥലങ്ങളിൽ നിന്നും തിരികെ ബസ്സിറങ്ങുന്ന കവലയിലാണ് കുരിശിൻമൂട്.

ജോയി വിശാലമായ നടയിൽ ഇരുന്നു....ഒരു നിശബ്ദത..........

,ജോണിയെ നിരുത്സാഹപ്പെടുത്തിയൊ ഞാൻ; എന്താ ഇവന്മാർ രണ്ടും മിണ്ടാത്തത്. ജോയിയുടെ ആത്മഗതം

''ശരിയാ ജോണി......ഇത്രയും നല്ല ഒരു ചിന്ത നിന്റെ മനസ്സിലുദിക്കുവാൻ കാരണമെന്താണ്?,, ജോയിയുടെ ഈ ചോദ്യം ജോണിയ്ക്ക് ഉർജ്ജം പകർന്നുകൊടുത്തു.

''ഞാൻ ഇങ്ങനെ ചിന്തിക്കാൻ കാരണം നിങ്ങൾ കളി തമാശ വിട്ടാൽ പറയാം...

,,സർപ്പ സന്തതികളേ കണ്ട് കേട്ട് മാനസാന്തരപ്പെടുവിൻ എന്ന് പറയണമെന്നുണ്ട്. ...പക്ഷെ ഞാൻ യോഹന്നാൻ സ്നാപകനല്ലല്ലൊ. ....എങ്കിലും ചിന്തിക്കേണ്ട വിഷയമാണ്...ജീവനുള്ള ദൈവത്തെ ആരാധിക്കുന്ന 25-30 % ക്രിസ്ത്യാനികൾ ഉള്ള നമ്മുടെ കൊച്ചു കേരളത്തെ തകർത്തു കളഞ്ഞ പ്രളയമാണ് വിഷയം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് നമ്മുടെ ആരാധനയും പ്രാർത്ഥനയും തിയോളജിയുമൊക്കെ പ്രസംഗങ്ങളിലും ലേഖനങ്ങളിലുമായി ഒതുങ്ങുകയാണ് എന്ന്. അത് ദൈവസന്നിധിയിൽ എത്തുവാൻ തക്ക മന:ശുദ്ധിയോടുകൂടിയാണൊ നാം അർപ്പിക്കുന്നത് എന്ന് ചിന്തിക്കേണ്ട കാലം ആസന്നമായിരിക്കുന്നു.

''very correct.....very very correct''

അപ്പോൾ വന്ന വണ്ടിയിൽ നിന്നിറങ്ങിയ കുറിയാക്കോസ് ജോണിയുടെ അഭിപ്രായത്തെ ശരി വച്ചു.,,ഞാനും ഇത് പറയുവാനിരിക്കുകയായിരുന്നു. മലയാളി മനസ്സിന്റെ നിർമ്മലത പൊയ്പ്പോയിരിക്കുന്നു. നമ്മുടെ ആരാധനയും പ്രാർത്ഥനകളും വെറും ചടങ്ങുകളായി മാറിയിരിക്കുന്നു. പത്രം തുറന്നാലും T.V on ചെയ്താലും കൊലയും പീഢനവുമാണ് കാണാൻ കഴിയുന്നത്. ഇതേപ്പറ്റി അഭ്യസ്തവിദ്യരായ മലയാളികൾ പ്രത്യേകിച്ച് ക്രിസ്ത്യാനികൾ ചിന്തിക്കേണ്ടിയിരിക്കുന്നു.,,ങാ..ഹാ.....യുവാക്കളുടെ ചിന്തകൾ എത്ര ഉത്തമം,, കുറിയാക്കോസിന്റെ അഭിപ്രായപ്രകടനത്തെ അനുമോദിച്ചത് കപ്യാർ

കുഞ്ഞൂഞ്ഞായിരുന്നു. പള്ളിയിൽ സന്ധ്യാ നമസ്ക്കാരം കഴിഞ്ഞ് മടങ്ങുമ്പോഴാണ് യുവാക്കളുടെ അഭിപ്രായപ്രകടനം കുഞ്ഞൂഞ്ഞ് ശ്രദ്ധിച്ചത്.,,അല്ല കുഞ്ഞൂഞ്ഞു ചേട്ടാ എന്താ ഇങ്ങനെയൊക്കെ സംഭവിക്കുന്നത്? എത്ര ജീവനാണ് കൊഴിഞ്ഞു വീണത്? എത്ര ആളുകൾക്കാണ് വീടും ഉറ്റവരും നഷ്ടപ്പെട്ടത്......നമ്മുടെ ബൈബിളിൽ ഇതിനൊക്കെ ഉത്തരം കിട്ടുമൊ? നിസ്സഹായതയുടെ തേങ്ങൽ ബേബിയുടെ സ്വരത്തിൽ വ്യക്തമായിരുന്നു.
കുഞ്ഞൂഞ്ഞ് തല കുലുക്കിക്കൊണ്ട് പറഞ്ഞു വാ മക്കളേ ഓരോ കപ്പ് ചായ കുടിച്ചുകൊണ്ട് സംസാരിക്കാം,, കുഞ്ഞൂഞ്ഞ് എല്ലാവരെയും കൂട്ടിക്കൊണ്ട് കുരിശുംതൊട്ടിയുടെ എതിരെയുള്ള തന്റെ വീട്ടിലേക്ക് നടന്നു.
ഒരു വൃദ്ധനും കുറേ യുവാക്കളും...എന്താ കവലയിൽ വല്ല പ്രശ്നവും ഉണ്ടായോ?.......ആർക്കുവേണേലും ഉത്തരം പറയാം എന്ന രീതിയിലുള്ള ഈ open questionചായ വിളമ്പുന്നതിനിടയിൽ കുഞ്ഞൂഞ്ഞിന്റെ സഹധർമ്മിണി മേരിക്കുട്ടിയുടേതായിരുന്നു.,  ഓ അങ്ങനെ ഒന്നുമില്ലാന്റീ,,ചിരിയോടെയുള്ള യുവാക്കളുടെ ഒത്തൊരുമയുള്ള ഉത്തരം മേരിക്കുട്ടിയ്ക്ക് സമാധാനം നൽകി.

എല്ലാവരോടും ചായ കുടിക്കാൻ ആംഗ്യം കാട്ടിക്കൊണ്ട് കുഞ്ഞൂഞ്ഞ് തുടർന്നു.  ഞാൻ ഇപ്പോൾ വാർത്തകൾക്കുപോലും റ്റി.വി. ഓൺ ചെയ്യാറില്ല. സീരിയലുകളിൽ കാണുന്നതുപോലുള്ള ദൃശ്യങ്ങളാണല്ലോ ഇപ്പോൾ ന്യൂസ് ചാനലുകളിലും കാണുന്നത്. ഒരു കുടുംബം ഒന്നിച്ചിരുന്ന് കാണുവാൻ പ്രയാസമുള്ള ദൃശ്യങ്ങൾ.
—കുഞ്ഞൂഞ്ഞിന്റെ മനോവേദനയുടെ കാഠിന്യം ആ മുഖത്ത് പ്രകടമായിരുന്നു...........

"തന്റെ കൽപനകളെ പാലിക്കുന്ന ജനത്തെപ്പോറ്റുകയും തനിക്കെതിരായി നടക്കുന്നവരെ ശിക്ഷിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ഇടപെടൽ പഴയനിയമ കാലത്ത് ഇസ്രായേൽ ചരിത്രത്തിൽ ഉടനീളം കാണാവുന്നതാണല്ലൊ.

ദൈവഹിതത്തിനു യോജ്യമല്ലാത്ത യാന്ത്രികമായ ആചരണങ്ങളും മനസ്സിൽ തട്ടാത്ത പ്രാർത്ഥനയും കൊണ്ടു കഴിയുന്ന വിശ്വാസികളെ ആത്മാവിന്റെ ഫലം പുറപ്പെടുവിക്കുന്ന വൃക്ഷങ്ങൾ ആക്കുവാൻ ക്രസ്തീയ സഭകൾ ശ്രമിക്കേണ്ടതാണല്ലൊ?

ചൂടു ചായയ്ക്ക് മേമ്പൊടി എന്നപോലെ കുഞ്ഞൂഞ്ഞ് പറഞ്ഞുവച്ച ചിന്ത യുവാക്കളെ വളരെ ആകർഷിച്ചു.

കുഞ്ഞൂഞ്ഞ് തുടർന്നു:- ഈയിടെ സുവിശേഷ യോഗത്തിന് ഒരു പ്രസംഗകനെ കമ്മറ്റി തെരഞ്ഞെടുത്തത് ഇങ്ങനെയായിരുന്നു.

ഓ...അൽപം അസന്മാർഗീകതയും തട്ടിപ്പും ഉണ്ടെങ്കിലും സുവിശേഷം ഉണ്ടല്ലൊ,,  എന്ന്. സുവിശേഷംകൊണ്ട് പുറം പൂശി മിനുക്കി നടക്കുന്ന ഈ പ്രഭാഷകരെക്കൂടി ചേർത്തല്ലെ നസ്രായൻ ,,വെള്ളതേച്ച ശവക്കല്ലറകളേ എന്ന്  വിളിച്ചത്?

വിശ്വാസികൾ ആണെങ്കിൽ നല്ലൊരു ശതമാനം ബഥാന്യയിലെ അത്തി വൃക്ഷമാണെന്ന കാര്യത്തിൽ സംശയമില്ല. വക്രതയും ഹിപ്പോക്രസിയും സ്വയ നീതീകരണവും പച്ചില ചാർത്തായി തഴച്ചു വളരുന്ന അത്തിവൃക്ഷങ്ങൾ.

കുഞ്ഞൂഞ്ഞു ചേട്ടൻ പറഞ്ഞത് എത്ര വലിയ സത്യമാണ്.," ജോണിതന്റെ ചിന്താഗതികളോട് യോജിക്കുന്ന കുഞ്ഞൂഞ്ഞിന്റെ ആശയങ്ങളെ വിലയിരുത്തുകയായിരുന്നു.




ഇതിനെന്താ ഒരു പ്രതിവിധി? ഫലം കായ്ക്കുന്നതിനുള്ള തടസ്സങ്ങളും, പോം വഴിയും ഒന്നു പറഞ്ഞു തരാമൊ?

ജോണി തന്റെ ചോദ്യത്തിലൂടെ കുഞ്ഞൂഞ്ഞിനെ ഒരു ബാലികേറാ മലയുടെ ചുവട്ടിൽ കൊണ്ടു ചെന്ന് നിർത്തുകയായിരുന്നു.

നിസ്സംശയം കുഞ്ഞൂഞ്ഞ് തുടർന്നു. നാം ദൈവത്തിനിഷ്ടമുള്ള ഫലം കായ്ക്കാത്തതിന്റെ കാരണം അന്വേഷിക്കുമ്പോൾ എന്നെയും നിങ്ങളെയും നമ്മളാക്കിയ സാമൂഹിക ചുറ്റുപാടുകളിലേക്ക് ചെന്നിറങ്ങണം. സ്വയം നീതീകരണം എന്ന രക്ഷാസൗധം നാം പൊളിക്കണം.  സമൂഹത്തിലേയും സഭയിലേയും എല്ലാ ശ്രേണികളിലും ഇരിക്കുന്നവർ തങ്ങളുടെ Comfort Zone വിട്ട് സത്യത്തിന്റെ പാതയിൽ ഇറങ്ങുവാൻ തയ്യാറാകണം.

നിങ്ങളടങ്ങുന്ന കേരളത്തിലെ യുവാക്കൾ, ഇക്കഴിഞ്ഞ പ്രളയത്തിൽ ജാതിയും രാഷ്ട്രീയവും വെടിഞ്ഞ് കഷ്ടപ്പെടുന്നവർക്ക് ആശ്വാസമായതിലും, ഈ ദുരന്തങ്ങളുടെ കാരണം അന്വേഷിച്ച് ദൈവത്തിൽ ശരണപ്പെടുന്നതിലും ഞാൻ അഭിമാനിക്കുന്നു. ,,ഇനിയും നമ്മുടെ വിഷയത്തിലേക്ക് കടക്കാം. വേദപുസ്തകത്തിലെ പ്രതിവിധികൾ ആരായുവാണല്ലൊ നിങ്ങൾ എന്റെ അടുക്കൽ വന്നത്.

,,ഫലം കായ്ക്കുക എന്നത് വേദപുസ്തകത്തിലെ പ്രധാന പ്രമേയമാണ്. പഴയനിയമത്തിൽ പതിനാറും പുതിയ നിയമത്തിൽ പതിനഞ്ചും പ്രാവശ്യം പരാമർശിച്ചിട്ടുള്ള ഒരു വിഷയമാണിത്. ഫലം കായ്ക്കുന്നതിനെയൊക്കെയാണ് ദൈവം ഭൂമിയിൽ സൃഷ്ടിക്കാനാഗ്രഹിച്ചത് എന്നുള്ളതിന്റെ തെളിവാണ് ആദ്യ പുസ്തകത്തിലെ പതിനൊന്നാം വാക്യം വായിക്കുമ്പോൾ തന്നെ മനസ്സിലാകുന്നത്. ഭൂമിയിൽ എല്ലാ തരം വിത്തുള്ള ഫലം കായ്ക്കുന്ന സസ്യങ്ങളും മുളച്ചുവരട്ടെ എന്ന് ദൈവം കൽപിക്കുന്നു....വെറും സസ്യങ്ങളല്ല ദൈവം ഇഷ്ടപ്പെടുന്ന ഫലങ്ങളെ കായ്ക്കുന്നവ (ഫലം കായ്ക്കാത്തവയെ വെട്ടിക്കളയാനം ദൈവം പിന്നീട് പറയുന്നുണ്ട്.

അതുകഴിഞ്ഞ് സ്വൽപം കിഴക്കോട്ട് മാറി മനുഷ്യനുവേണ്ടി ഫലഭൂയിഷ്ടമായ ഏദൻതോട്ടം നിർമ്മിക്കുന്നു. പക്ഷേ ഒടേതമ്പുരാൻ മാറിയ സമയത്ത്, തോട്ടത്തിൻ നടുവിലുള്ള നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലത്തിന്മേൽ ,മാഡം, കൈവച്ചപ്പോൾ തുടങ്ങിയതാണല്ലൊ നമ്മുടെ സകല പ്രശ്നങ്ങളും.

എല്ലാവരും കുലുങ്ങിക്കുലുങ്ങി ചിരിച്ചു. ബേബി പറഞ്ഞു ,, കലക്കി ചേട്ടാ, എത്ര രസകരമായിട്ടാണ് ഇത്രയും ആവർത്തന വിരസതയുള്ള ഈ വിഷയം ചേട്ടൻ അവതരിപ്പിക്കുന്നത്. ,,

അതേ, ഞാൻ ഈയിടെ പണ്ഡിതനായ ഒരു എഴുത്തുകാരന്റെ പുസ്തകം വായിച്ചു. അതിൽ പറഞ്ഞിട്ടുള്ള ചില കാര്യങ്ങളാണ് എന്റെ ഭാഷയിൽ നിങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ടരിക്കുന്നത്.

കുഞ്ഞൂഞ്ഞ് തുടർന്നു:-  മനുഷ്യ സ്വഭാവത്തിലെ ദൈവത്തിൽ നിന്നുള്ള അകൽച, കൂറില്ലായ്മ ഇവയെല്ലാം, ആവർത്തനം, സങ്കീർത്തനം, യിരമ്യാവ്,




ഹെസക്കിയേൽ, ദാനിയേൽ എന്നീ പുസ്തകങ്ങളിലെല്ലാം....ഫല-വിഫലത ഇവ ഫ്രൂട്ട് കൺസപ്റ്റിലാണ് വർണ്ണിച്ചിരിക്കുന്നത്.

എന്നാൽ പുതിയ നിയമത്തിൽ, മനുഷ്യനിൽ നിന്ന് ദൈവം ആഗ്രഹിച്ച പ്രവൃത്തി- Productive&Non Productive Personഎന്നുള്ള അർത്ഥത്തിലാണ് വിവരിച്ചിരിക്കുന്നത്.

ഫലം കായ്ക്കാത്ത മനുഷ്യ സ്വഭാവത്തേപ്പറ്റി ആധുനിക മനഃശാസ്ത്രം പഠിക്കുന്നതിന് എത്രയോ മുമ്പ് നസ്രേത്തിലെ ഗുരു, വിതക്കാരന്റെ ഉപമയിലൂടെ നമുക്ക് വിശദമാക്കിത്തന്നിട്ടുണ്ട്. വിതയ്ക്കപ്പെടുന്ന വിത്ത് വീഴുന്നത് നാലുതരം നിലങ്ങളിലാണ്. പാറ, മുള്ളുനിലം വഴിയരിക് നല്ലനിലം

ആദ്യത്തെ മൂന്നുതരം പാഴ്നിലങ്ങളിലും വീഴുന്ന വിത്തുകൾ ഫലം കായ്ക്കുന്നില്ലല്ലൊ. ഇത്തരം പാഴ്നിലങ്ങളെ നല്ല നിലങ്ങളാക്കുകയാണ് ജോണിയുടെ ചോദ്യത്തിലെ corrective action എങ്ങനെയെന്നുള്ള ഭാഗം കൊണ്ടുദ്ദേശിക്കുന്നത്. ഈ മൂന്നിലും കാലീക പ്രസക്തമായത് മുള്ളിനിടയിൽ വീഴുന്ന വിത്തുകളാണ്.

അവരവരുടെ പ്രവർത്തന മണ്ഡലങ്ങളിൽ കർത്തവ്യ നിർവ്വഹണത്തിന് മുതിരുമ്പോൾ ദൈവത്തിന് നിരക്കാത്ത ശക്തികളുടെ സമ്മർദ്ദമാണ് മുൻനിലയിൽ. ദേവാലയങ്ങളിൽ, ദൈവത്തിന് പ്രീതികരമായ ദൈവാരാധനയെ പിന്നിലാക്കിയുള്ള ധനസമാഹരണം, സ്ഥാനമാനങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടങ്ങൾ ഇവയെല്ലാം നല്ലമേനി വിളയേണ്ട നൽനിലങ്ങളിലെ മുള്ളുകളാണ്. നാളത്തെ എന്റെ പ്രശ്നങ്ങളിൽ ഞാൻ എന്തുചെയ്യും എന്നുള്ള ആധി, ഇന്നത്തെ ആഹാരത്തിനുവേണ്ടി മാത്രം പ്രാർത്ഥിക്കാൻ പറഞ്ഞ കർത്താവിലുള്ള വിശ്വാസക്കുറവ് വളർത്തി വലുതാക്കുന്നു. ഫലമോ കൂടുതൽ മന്ന പെറുക്കിയവരുടെ സ്ഥിതിയിലേക്ക് നാം താഴ്ന്നുപോകുന്നു.- തെറ്റുമനസ്സിലാക്കാതെ, പിന്നെയും പിന്നെയും തെറ്റാവർത്തിക്കുന്നു.

ഈയിടെ നടന്ന സംഭവങ്ങളുടെ എല്ലാം അടിസ്ഥാനം അനധികൃതമായ സ്വത്ത്, കറപുരണ്ട വെള്ളിക്കാശ് കൊണ്ട് നിർമ്മിച്ച രമ്യഹർമ്മ്യങ്ങളും അവയിലെ ഉത്സവ സമാനമായ ജീവിത ശൈലിയുമാണ് എന്നു കാണുവാൻ സാധിക്കും. എന്തിന് പ്രാർത്ഥിക്കുവാൻ വരുന്നവരുടേയും പ്രാർത്ഥിപ്പിക്കുവാൻ വരുന്നവരുടെയും മുഖത്ത് മറ്റുള്ളവരെപ്രതി വിനയത്തിനും ക്ഷമയ്ക്കും പകരം തുശ്ചവും പുശ്ചവുമാണ് പ്രസരിക്കുന്നത്.

പ്രളയക്കെടുതിയിൽ, രക്ഷാപ്രവർത്തനം എന്ന നന്മ ചെയ്തുകൊണ്ടിരുന്ന ദിനങ്ങളിൽ ഒരു തരത്തിലുള്ള അക്രമസംഭവങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലല്ലൊ? നിനക്ക് ഒരു നേരത്തെ ആഹാരത്തിനുവേണ്ടി മാത്രം പ്രാർത്ഥിക്കുക. ബാക്കി നിന്റെ കഴിവുകൾ നിന്റെ അയൽക്കാരന്റെ പ്രയാസത്തിൽ പങ്കുചേരുവാനും അവനെ സഹായിക്കുവാനും ഉപയോഗിക്കുക എന്ന തത്വം എത്ര അന്വർത്ഥമാണ്. ഏറെ വിവരക്കേട് പറഞ്ഞ യഹൂദന്മാർപോലും കറപുരണ്ട പണഭണ്ഡാരത്തിൽ ഇടാൻ സമ്മതിച്ചില്ല; മറിച്ച് ശവപ്പറമ്പാണ് വാങ്ങിയത് എന്നോർക്കണം. അബ്രഹാം പോയ സ്ഥലങ്ങളിലെല്ലാം കൂടാരമടിച്ച ഉടൻ ബലിപീഠം പണിത് ദൈവത്തിന് നന്ദി സൂചകമായി ബലികളെ അർപ്പിച്ചു.

പൗലോസ് ശ്ലീഹ പഠിപ്പിച്ചതുപോലെ നമ്മെ പൊന്നുപോലെ കാത്തു സൂക്ഷിക്കുന്ന ദൈവത്തിന് നമ്മുടെ ശരീരങ്ങളെ ദൈവം വസിക്കേണ്ടുന്ന വിശുദ്ധിയിൽ കാത്തു സൂക്ഷിച്ച് ദൈവത്തിന് സമർപ്പിക്കുമ്പോഴാണ് കർത്താവിന് പ്രീതികരമായ ബലിയർപ്പണമാവുന്നത്. ഈ വരുന്ന ജനനപ്പെരുന്നാളിൽ ഉണ്ണിയേശുവിന് ജനിപ്പാൻ തക്കവണ്ണം നമ്മുടെ ഹൃദയങ്ങളെയും മനസ്സുകളെയും വിശുദ്ധിയോടെ ക്രിസ്തീയതയിൽ സൂക്ഷിക്കുവാൻ നമുക്ക് പരിശ്രമിക്കാം. നമ്മെ ഞെരുക്കുന്ന മുള്ളുകളെ ഒടിച്ചുമാറ്റി നമ്മെത്തന്നെ വിശുദ്ധീകരിച്ച് ദൈവത്തിന്റെ ആലയങ്ങളായി മാറ്റുക എന്നതാണ് നമ്മുടെ പ്രശ്നങ്ങൾക്കെല്ലാം പ്രതിവിധി.

ജോണിയും ബേബിയും ജോയിയും കുറിയാക്കോസും ഒറ്റ ശബ്ദത്തിൽ പറഞ്ഞു''ഇത്രയും സങ്കീർണ്ണമായ ഈ വിഷയം ഇത്രയും ലളിതമായ ഭാഷയിൽ സരള നിർദ്ദേശങ്ങളോടുകൂടി ഞങ്ങൾക്ക് പറഞ്ഞു തന്നതിന് വളരെ നന്ദി''.

കുഞ്ഞൂഞ്ഞിന്റെ സമാപനം ഇങ്ങനെയായിരുന്നു. ,,ദൈവനാമം മഹത്വീകരിക്കപ്പെടേണ്ടതിന് നമ്മേത്തന്നെ ശുദ്ധീകരിച്ച് അറുപതും നൂറും മേനി വിളയുന്ന ഫലങ്ങളായി ക്രിസ്ത്യാനി മറ്റുള്ളവർക്ക് മാതൃകയാകട്ടെ.!!! ■

## വന്ദ്യ ആചാര്യന് വിട



**റവ. ഫാ. P. O ജേക്കബ് (85)**
**പടിഞ്ഞാറ്റിടത്ത് , ഉള്ളന്നൂർ**

**കർക്കട്ടാ ഭദ്രാസനത്തിൽ സേവനം അനുഷ്ഠിച്ച പടിഞ്ഞാറ്റിടത്ത് ജേക്കബ് അച്ചൻ(ഫാ.പി.ഒ. ജേക്കബ്) കർത്താവിൽ നിദ്ര പ്രാപിച്ചു.ഉള്ളന്നൂർ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗമാണ്. റാഞ്ചി സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളിയിലും ബൊക്കാറൊ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലും വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.വൈദീകന്റെ വേർപാടിൽ സെന്റ് തോമസ് മിഷന്റെയും കർക്കട്ടാ ഭദ്രാസനത്തിന്റെയും ആദരാഞ്ജലികൾ**

# കാലം ചെയ്ത അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് പിതാവിനെ സ്മരിക്കുമ്പോൾ.........



**ഡോ. ജോസഫ് മാർ ദിവന്നാസ്സിയോസ് SST,**
കൽക്കട്ടാ ഭദ്രാസന മെത്രാപ്പോലീത്ത & ഭിലായി
സെന്റ് തോമസ്സ് മിഷൻ ഡയറക്ടർ/ പ്രസിഡന്റ്.

സഭാ നേതൃത്വത്തോട് ചേർന്ന് നിന്ന് മലങ്കര സഭയക്ക് വിവിധ മേഖലകളിൽ സുധീരമായ നേതൃത്വം നൽകിയ പ്രഗത്ഭമതികളായ മെത്രാപ്പോലീത്തന്മാർ അതാത് കാലങ്ങളിൽ സഭയിൽ ഉണ്ടായിട്ടുണ്ട്. ഈ ദൃശ്യശ്രേണിയിൽ ഒരതികായകനും ശ്രേഷ്ഠപിതാവുമായിരുന്നു, ഈ അടുത്ത സമയത്ത് നമ്മിൽ നിന്നും വാങ്ങിപ്പോയ ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്ത നി. വ. ദി. ശ്രീ. തോമസ് മാർ അത്താനാസിയോസ്. അദ്ദേഹം വൈദികനായിരുന്ന കാലം മുതൽ , അടുത്തും അകലെയുമായി നിന്ന്,ആ പിതാവിനെ പരിചയപ്പെടുവാനും, നിരീക്ഷിക്കുവാനും, പഠിക്കുവാനും എനിക്കും സാധിച്ചിട്ടുണ്ട്. വിസ്താരഭയത്താൽ ഗഹനമായ ലേഖനത്തിനൊന്നും ശ്രമിക്കുന്നില്ല. ചിലകുറിപ്പുകൾ പങ്കുവെയ്ക്കുന്നു. അതു അദ്ദേഹത്തെ സ്മരിക്കുമ്പോൾ എന്റെ മനസ്സിൽ ഉയർന്നു വരുന്ന ചില ചിന്തകൾ അകുന്നു.

1.വൈദീക പാരമ്പര്യമുള്ള പൗരാണിക നസ്രാണി കുടുംബത്തിൽ ജനിച്ച ഉന്നത ശീർഷൻ.
2.നിതാന്ത പരിശ്രമത്തിലൂടെ സ്വയം വളർന്ന വ്യക്തിത്വം.
3.സജീവ പരിശ്രമ ശീലൻ (workholic).
4.കൃഷിയെ സ്നേഹിച്ച പ്രകൃതി സ്നേഹി.
5. നേതൃത്വ ഗുണത്തിന്റെ ആൾരൂപം.
6.കർമ്മോത്സുകനായ വിദ്യാഭ്യാസ പ്രവർത്തകൻ.
7.കർമ്മധീരനായ സഭാസ്നേഹി.
8.ശിക്ഷണവും ഭരണ നൈപുണ്യവും സമന്വയിപ്പിച്ച ഉജ്ജ്വല ഭരണാധികാരി.
9.പ്രഗത്ഭനായ സംഘാടകൻ.
10.വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിച്ച മാനവീകതയുടെ ഉദാത്ത ഭാവം.
11.ഗുജറാത്ത് സംസ്ഥാനത്ത് നിറഞ്ഞുനിന്ന ഓർത്തഡോക്സ് ക്രൈസ്തവ മിഷ്യനറി.
12. ചെങ്ങന്നൂർ ഭദ്രാസനശില്പിയും പ്രഥമ മെത്രാപ്പോലീത്തയും.

വ്യക്തിപരമായി, ആശ്രമജീവിത പശ്ചാത്തലത്തിലും അക്കാദമിക് -വിദ്യാഭ്യാസ മേഖലകളിലും അല്പം മികവും പുലർത്തിയിരുന്ന എന്നോട് തിരുമേനിക്ക് പ്രത്യേക വാത്സല്യവും കരുതലും ഉണ്ടായിരുന്നു. എപ്പിസ്ക്കോപ്പൽ സ്ക്രീനിംഗ് കമ്മറ്റി അദ്ധ്യക്ഷനായിരുന്ന അദ്ദേഹം എന്റെ പേര് എപ്പിസ്ക്കോപ്പൽ സ്ഥാനാർത്ഥി ലിസ്റ്റിൽ വളരെ മതിപ്പോടും സന്തോഷത്തോടും ഉൾപ്പെടുത്തിയതും ഈ കാരണത്താലായിരുന്നു. ബലഹീനായ ഞാൻ മെത്രാപ്പോലീത്ത ആയ ശേഷവും, ഭരണപരമായ പല കാര്യങ്ങളെക്കുറിച്ച് അദ്ദേഹം ഉപദേശം എനിക്ക് നൽകിയിട്ടുണ്ട് എന്നതും പ്രത്യേകം സ്മരിക്കുന്നു.

അദ്ദേഹത്തിന്റെ ജീവിതം അനേകർക്ക് വഴികാട്ടിയായും പ്രേരണയുമായിത്തീരട്ടെ. അദ്ദേഹം 'പടുത്തുയർത്തിയ സ്ഥാപനങ്ങൾ സഭയുടെ അഭിമാനമാകട്ടെ.അദ്ദേഹത്തിന്റെ പ്രാർത്ഥനയും അത്മീയ സാന്നിദ്ധ്യവും സഭാമക്കൾക്ക് എന്നും പുണ്യസ്രോതസ്സാവട്ടെ.

**ആ പുണ്യ പിതാവിന്റെ ദീപ്തമായ ഓർമ്മയ്ക്കു മുമ്പിൽ കൽക്കട്ടാ ഭദ്രാസനത്തിന്റെയും, ഭിലായി സെന്റ് തോമസ്സ് മിഷന്റെയും ബലഹീനനായ നമ്മുടെയും പ്രാർത്ഥനാപൂർവ്വമായ ഭക്തിആദരവുകൾ അർപ്പിക്കുന്നു.** ■

## Tentative Programme of Bishop

| | |
|---|---|
| 31st Oct 2018 | - Parumala Perunal (Ecological Meeting) |
| 1st-2nd Nov | - Ascetic Conference at Parumala Seminary |
| 3rd-5th Nov | - Bhilai Perunal. (L.L.Stephenos Mar Theodosius) |
| 8th-11th Nov | - MGOCSM Conference, Bhopal |
| 12th-17th Nov | - Bhilai |
| 18th Nov | - MGO Cathedral Perunal, Bhilai |
| 18th-22nd Nov | - Bhilai |
| 23rd-25th Nov | - North East Visit. |
| 26th-27th Nov | - Principal Meet, Bhilai |
| 28th-30th Nov | - Kuwait (Catholicate Cover Collection) |
| 1st-2nd Dec | - Secunderabad Palli Perunal. |
| 3rd-4th Dec | - Mount Tabor Perunal |
| 6th-20th Dec | - Bhilai |
| 21st Dec | - Nagpur, Seminary Perunal. (St.Thomas) |
| 22nd Dec to 11th Jan 2019 | - Kuwait |
| 12th Jan 2019 | - Kerala |

## ഒമ്പത് വർഷം പൂർത്തീകരിച്ച് പത്താം വർഷത്തിലേക്ക് ദർപ്പൻ.....

**ദർപ്പൻ മാസിക 2009 ൽ അഭി. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ പ്രധാന നിർദ്ദേശ പ്രകാരം ആരംഭിച്ചു. അതിനു ശേഷം മുടങ്ങാതെ പ്രസിധീകരിക്കുവാനും ഇതുവരെ സാധിച്ചു.ദർപ്പൻ മാസികയ്ക്ക് ഇതുവരെ നൽകിയ എല്ലാ പിന്തുണൾക്ക് എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.**

**ഫാ. അജു.കെ.വർഗീസ്**




# Diocesan NEWS

## Inaugural ceremony of PG. Department of Zoology at St. Thomas College, Bhilai.

**Bhilai :** The inauguration of P.G. Department of zoology was held at St. Thomas College. The Chief Guest of the Program was Registrar of Hemchand Yadav Vishwavidyalaya Dr. Rajesh Pandey. Special guest of the program was Manager Bishop His Grace Dr. Joseph Mar Dionysius. Principal of the College Dr. M.G. Roymon delivered the welcome speech. He congratulated the Department of Zoology for introducing Post Graduation Course in the department . In His Presidential Address His Grace. Dr. Joseph Mar Dionysius said that science is important because it influences the basic aspects of everyday life .His Grace further emphasized that Science and technology go hand in hand thereby improving the lives of the people . The Chief Guest of the program Dr. Rajesh Pandey Registrar of Hemchand Yadav Vishwavidyalaya congratulated the zoology department for introducing P.G. Course which will help students to go further in their research field. He appreciated the college for their commendable performance in both academic as well as extracurricular activities. Administrator the college . Rev Fr. George Mathew Ramban also shared the dias with the dignitories. Student Union Council, Professor Incharge Dr. Shiny Mendonce, President of the student Union Council Miss Shraddha Bajpai and other office bearers, faculty members and students of the college were Present on the occasion . The program was conducted by Dr. Ranjana and the vote of thanks was proposed by Head of the Zoology Department Dr. Jayshree Balsubramanian.

## Stephanos Mar Theodosius Memorial Mission Centre celebrated its 5th Annual Day

**Pathamuttom :** Stephanos Mar Theodosius Memorial Mission Centre celebrated its 5th Annual Day on October 2, 2018, Tuesday. The meeting started with the Prayer Song by Jyothy Self Help Group, Puthenchantha. Fr. Abraham Oommen (*Secretary, SMTMMC)* welcomed the gathering. Kum. Diya Elsa Varghese ( *First Prize Winner, Stephanos Mar Theodosius Memorial Elocution Competition)* delivered a speech paying tribute to LL Metropolitan Stephanos Mar Theodosius. The Inaugural address and lighting of the lamp was done by Fr. K.M.Mathew (*President, Stephanos Mar Theodosius Charitable Society and member, Local Working Committee, SMTMMC)* Stephanos Mar Theodosius Lecture was given by Fr. Shaji Mukudiyil ( *Director, Finance, St. Gregorios Mission Hospital, Parumala)*. A brief report of the activities of SMTMMC was given by Mr. Biji C Philip (*Programme Co- ordinator, SMTMMC)* it was followed by a melodious song by Pathamuttom Sleeba Church Choir. The Address by the Chief Guest was delivered by Adv. Biju Oommen(*Secretary, Malankara Orthodox Church Association)* Felicitations address were given by Prof. Dr. KM Kuriakose (*Ex Principal, St. Thomas College, Bhilai and MD College, Pazhanji)*, Fr. Rajan Varghese (*Vicar Sleeba Church, Pathamuttom and member Local Working Committee SMTMMC)*, and Fr. Geo (*Member Mar Baselios Ashram, Njaliakuzhi )*. Then Abhaya Self Help Group, Pathamuttom enthralled the audience with a beautiful hymn. Prizes for the winners of " Stephanos Mar Theodosius Memorial Elocution Competition" were given. The certificates for the participants of "Training Programme in Tailoring Jobs" were also distributed. The Vote of thanks was proposed by Mr. K K Kurien, (*member, Local Working Committee, SMTMMC )* the Concluding Prayer and benediction was done by Fr. C John (*Director, Peermade Engineering College and member Local Working Committee, SMTMMC)*.

### *MILAN 2018*, OCOBER 2, SMTMMC, PATHAMUTTOM

**Pathamuttom :** One of the declared objectives of Stephanos Mar Theodosius Mission Centre, Pathamuttom is to provide a venue for the Orthodox people from Calcutta Diocese to meet together and renew their fellowship. With this aim, ***MILAN*** – CALCUTTA DIOCESE FAMILY FELLOWSHIP was organised at SMTMMC, Pathamuttom on 11 Nov., 2017. Subsequently, ***MILAN 2018*** was organised there on 2nd October, 2018.

## Rededication Ceremony And Parish Day Celebration Of St. George Orthodox Syrian Church Jabalpur

**Jabalpur :** Rededication Ceremony of St. George Orthodox Syrian Church Ridge, Road Jabalpur was done on 13 October 2018 by H.G. Dr. Joseph Mar Dionysius Diocesan Metropolitan , assisted by V.Rev. Fr. Raju Thomas Ramban, Secretary, Calcutta Diocese and vicar Rev. Fr. M.J. Mathew. H. Qurbana on Sunday 14th October was celebrated by His Grace.

Parish Day was celebrated after H. Qurbana in which His Grace presided over. Fr. M.J. Mathew, Vicar delivered welcome Speech. Secretary Shri A.V. Philip read out the working report for the year 2017-18 followed by various spiritual organizations and submitted the report to His Grace.

Felicitation addresses were delivered by V.Rev. Fr. Thomas Ramban and Shri Thomas T Kanjiram. Senior members who have attained the age of 60 years and above were honoured with Ponnada by His Grace.

The function concluded with vote of thanks by Shri Sajan Joseph, Trustee followed by benediction and lunch.




## 3rd Ecumenical Convention 2018

**Bhilai:** Episcopal Church Fellowship (E.C.F), Bhilai chapter conducted its 3rd Ecumenical convention on 21st October 2018 at St. Mary's Jacobite Church, Sector-6, Bhilai. The convention program started with opening prayer by Fr. John Kunjugal (Catholic Church) followed by bible reading by Sr. Ann (Orthodox Church). Fr. Sajan T John (Vicar, St. Mary's Jacobite Church) welcomed the dignitaries and the gathering. The spiritual message was given by the chief guest Most. Rev. Thomas K Oommen (Moderator Church of South India and Bishop of Madhya Kerala Diocese). Various devotional songs were sung by Marthoma Church choir. Fr. Sunil Joy (Mathoma Church) conducted prayer during offertory chant. The word of gratitude was given by Fr. Aju K Varghese (ECF Secretary) to all the distinguished guest and all who were gathered. The convention was concluded by closing prayer by Fr. John Elias OIC (Bethany- Malankara Catholic Church) and benediction by Most. Rev. Thomas K Oommen. Almost 30 priests, 10 nuns and 200 people attended the Ecumenical Convention. Refreshments were served to all.

## CSI 12TH North Indian family and youth conference 2018

**Bhilai:** The Church of South India (CSI) conducted its 12th North Indian Family and Youth tri-day conference on 18th October 2018 at CCET College premises. St. Andrews C.S.I. Church and C.S.I. Industrial Mission, Bhilai hosted the tri-day conference. The major theme of this year conference was Borderless Mission: Being and Becoming Disciples. The flag was hosted by Most. Rev. Thomas K Oommen and H.G Dr. Joseph Mar Dionysius (Metropolitan of Calcutta Diocese). After the flag hosting both the bishops planted the saplings. Later inaugural function were arranged. Most. Rev. Thomas K Oommen gave presidential address and H.G Dr. Joseph Mar Dionysius gave inagural address All the distinguished guest gave speech during inaugural meeting. Almost 300 families attended the tri-day family conference.

## ഭവന ദാനം



**ഭിലായ് :** സെന്റ് തോമസ് മിഷന്റെ വകയായി ഒരു ഭവനം സോളമന്റെ കുടുംബത്തിന് നൽകി. 5 ലക്ഷം രൂപ ചെലവാക്കി പൂർത്തീകരിച്ച ഭവനമാണ് ദാനമായി നൽകിയത്. അഭി. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനി ഭവനദാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.



അഭി.ഡോ. ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനി നേപ്പാളിൽ കാഠ്മണ്ഡുവിലെ കത്തോലിക്ക സഭയുടെ കോൺവെന്റ് സന്ദർശിച്ചു.

# *Sunday*  School

## OSSAE(OKR) CALCUTTA Diocese Bhopal Zone



**Bhopal :** The Zonal level Competition of Bhopal Zone of OSSAE(OKR) was held at St.Thomas Orthodox Cathedral,Ashoka Garden,Bhopal on 30th Sep 2018 after Holy Qurbana. Rev.Fr. Dr.Biju George Parackel presided over the function and Rev.Fr. Jobin Abraham Asst Vicar welcomed the delegates.Rev. Fr. George C Varghese, Principal MGM H.S.S Bhopal, Rev. Fr.Geevarghese Varghese, Vicar MGM Orthodox Church Kolar Road Bhopal, Shri John Mathai Director OKR Calcutta Diocese, Shri. Thomas T Kanjiram, Director Bhopal Zone, Shri.John Varghese District inspector Bhopal, Mrs.Anie Thomas Distt inspector Jabalpur,HMs and Teachers of all the unit Sunday Schools attended along with the participant students.

In all 47 students qualified for Diocesan level Arts and Talent competition.The best distt Trophy was bagged by Bhopal Distt and best unit shared by St.George Sunday School Jabalpur and St.Thomas Sunday School Bhopal .

Rev.Fr.John Mathew, Professor of STOTS Nagpur, Dn. Shino Thomas and Br. Rijo Geevarghese of STOTS were the Honourable Judges .

# DIOCESE OF CALCUTTA & ST. THOMAS MISSION, BHILAI
## DETAILS OF CONTRIBUTION TOWARDS KERALA FLOOD RELIEF FUND AS ON 25.10.2018

**METROPOLITAN & PRIESTS**

| SL. | NAME | AMOUNT |
|---|---|---|
| 1 | H.G Dr. Joseph Mar Dionysius Metropolitan | 100,000.00 |
| 2 | V.Rev. George Mathew Ramban | 10,000.00 |
| 3 | V.Rev.Varghese G Cor-Episcopa | 1,000.00 |
| 4 | Rev.Fr.K.K.Joseph | 1,000.00 |
| 5 | Rev.Fr. Joseph Sunny John | 1,000.00 |
| 6 | Rev.Fr. Jose K Varghese | 10,000.00 |
| 7 | V.Rev. Thomas Ramban | 15,000.00 |
| 8 | Rev.Fr. M.J.Mathew | 1,000.00 |
| 9 | Rev.Fr. Jose Mathew | 1,000.00 |
| 10 | Rev.Fr. George C Varghese | 1,000.00 |
| 11 | Rev.Fr. Reji C Varghese | 1,000.00 |
| 12 | Rev.Fr. Kurian John | 1,000.00 |
| 13 | Rev.Fr. K.I.Varghese | 1,000.00 |
| 14 | Rev.Fr. Jobby Peter | 1,000.00 |
| 15 | Rev. Fr. Dr. Biju Parackal | 2,000.00 |
| 16 | Rev. Fr. Shaji P Joshua | 3,000.00 |
| 17 | Rev.Fr. Dr. Joshi Varghese | 5,000.00 |
| 18 | Rev.Fr. P.S.Varghese | 8,000.00 |
| 19 | Rev.Fr. Aju K Varghese | 5,000.00 |
| 20 | Rev.Fr. Binoj M Baby | 2,000.00 |
| 21 | Rev.Fr. Mathew Thomas | 1,000.00 |
| 22 | Rev.Fr. Saju Philip | 2,000.00 |
| 23 | Rev.Fr. John Jacob | 5,000.00 |
| 24 | Rev.Fr. Abraham P.J | 3,000.00 |
| 25 | Rev.Fr. Paul Thomas | 1,000.00 |
| 26 | Rev.Fr. Jeffin Varghese | 1,000.00 |
| 27 | Rev.Fr. Shaiju Philip | 2,000.00 |
| 28 | Rev.Fr. Ranju Skaria | 2,000.00 |
| 29 | Rev.Fr. Lijo John | 3,000.00 |
| 30 | Rev.Fr. Liju K Ponnachan | 1,000.00 |
| 31 | Rev.Fr.Subin Daniel | 1,000.00 |
| 32 | Rev.Fr. Biju Daniel | 1,000.00 |
| 33 | Rev.Fr. Jobin P Abraham | 3,000.00 |
| 34 | Rev. Fr. Anish Joseph Varghese | 3,000.00 |
| 35 | Rev. Fr. Josen John | 1,000.00 |
| | | |
| | *Apart from this all priests have contributed along* | |
| | *with respective parihes.* | |
| | TOTAL - A | **200,000.00** |

**INSTITUTIONS**

| SL | NAME OF INSTITUTION | AMOUNT |
|---|---|---|
| 1 | Bhilai, M.G.O.C S. M, St. Thomas College | 12,000.00 |
| 2 | Dimapur, MGM School | 29,000.00 |
| 3 | Dimapur,MGM Hostel | 9,500.00 |
| 4 | Guwahati , St. Thomas Pre School | 10,000.00 |
| 5 | Hathital, MGM School | 100,000.00 |
| 6 | Kolkatta,St. Gregorios School (Students) | 11,100.00 |
| 7 | Bilaspur, Guru, MGM Public School | 5,000.00 |
| | TOTAL - B | **176,600.00** |

**SUMMARY**

| | |
|---|---|
| Metropolitan & Priests | 200,000.00 |
| Institutions | 176,600.00 |
| Parishes | 1,811,501.00 |
| **Total** | **2,188,101.00** |
| Parishes (Directly deposited at Kottayam) | 2,494,470.00 |
| Institutions (Directly deposited at Kottayam) | 875,000.00 |
| **Total** | **3,369,470.00** |
| **Grand Total** | **5,557,571.00** |

**PARISHES**

| SL. | NAME OF PARISH | AMOUNT |
|---|---|---|
| 1 | Bhilai, MGO Cathedral | 300,000.00 |
| 2 | Bhilai, St. George O. Congregation | 57,500.00 |
| 3 | Bilaspur, Mar Gregorios Orthodox Church | 50,000.00 |
| 4 | Barbil, Congregation | 105,000.00 |
| 5 | Bokaro, St. Mary's O. S. Church | 100,000.00 |
| 6 | Bhubaneshwar , St. Gregorios O Church | 56,000.00 |
| 7 | Chandrapur, M.G.O Church | 30,000.00 |
| 8 | Chirmiri, St.Gregorios O.S.Church | 10,000.00 |
| 9 | Cuttack, St. Gregorios O Church | 10,000.00 |
| 10 | Dhanpuri , Mar Gregorios O Church | 15,000.00 |
| 11 | Dimapur MGO Church | 21,500.00 |
| 12 | Guwahati, M.G.O. Church | 58,601.00 |
| 13 | Hathital, Jabalpur, M. G. O. Church | 30,000.00 |
| 14 | Hoshangabad St.George O Church | 1,500.00 |
| 15 | Itanagar, St.George Orthodox Church | 5,500.00 |
| 16 | Itarsi , St. Johns O Syraian Church | 2,000.00 |
| 17 | Jabalpur, St. George O. Church | 106,400.00 |
| 18 | Jagdalpur, St.Thomas Orthodox Church | 63,000.00 |
| 19 | Jharsuguda ,St.Thomas Congregation | 17,500.00 |
| 20 | Kolar, Bhopal, M. G. O. Church | 131,000.00 |
| 21 | Kolkatta, St. Thomas O. Cathedral | 150,000.00 |
| 22 | Korba, Mar Gregorios O Church | 100,000.00 |
| 23 | Manendragarh, St.Thomas Congregation | 10,000.00 |
| 24 | Nagpur, St. George O. Church | 25,000.00 |
| 25 | Patna, M. G. O. Church | 10,000.00 |
| 26 | Raigarh, M. G.O. Church | 21,000.00 |
| 27 | Raipur, St. Mary's Orthodox Church | 26,300.00 |
| 28 | Rajhara, St. Stephens O. Church | 6,700.00 |
| 29 | Rajnandgaon St. Mary's O. Church | 40,000.00 |
| 30 | Ranchi, St. Stephen's Orthodox Church | 50,000.00 |
| 31 | Rewa, St. Thomas Orthodox Church | 20,000.00 |
| 32 | Rourkela, St. Paul's O. S. Church | 112,000.00 |
| 33 | Sarni, St. Thomas O. Church | 20,000.00 |
| 34 | Satna, Mar Gregorios O.S.Church | 50,000.00 |
| | | |
| | TOTAL - C | **1,811,501.00** |

**Directly Deposited by Parishes at Kottayam**

| | | |
|---|---|---|
| 1 | Bhopal, St. Thomas O. Cathedral | 450,000.00 |
| 2 | Kuwait, St. Gregorios Maha Edavaka | 1,348,586.00 |
| 3 | Kuwait St. Basil I.O Church | 290,384.00 |
| 4 | Kuwait,St. Thomas I Orthodox Pazhaya Palli | 100,000.00 |
| 6 | Nagpur, St. George O. Cathedral | 125,000.00 |
| 7 | Bhandara, St. Mary's O. S. Church | 53,500.00 |
| 8 | Jamshedpur, St. Gregorios O Church | 62,000.00 |
| 9 | Sagar, Mar Gregorios O Church | 40,000.00 |
| 10 | Fr. Abraham Thomas | 25,000.00 |
| | TOTAL - D | **2,494,470.00** |

**Directly Deposited by Institutions at Kottayam**

| | | |
|---|---|---|
| 1 | Bagdona, MGM School | 25,000.00 |
| 2 | Bhilai, CCET | 25,000.00 |
| 3 | Bhilai, Mar Baselios School | 25,000.00 |
| 4 | Bhilai, MGM Public School | 10,000.00 |
| 5 | Bhilai, St. Thomas College | 75,000.00 |
| 6 | Bhopal, Ashoka Garden, Bhopal | 5,000.00 |
| 7 | Bhopal, Canan, MGM School | 25,000.00 |
| 8 | Bilaspur, MGM School | 25,000.00 |
| 9 | Bokaro, MGM School | 200,000.00 |
| 10 | Bokaro, St. Mary's Nursery | 100,000.00 |
| 11 | Calcutta, St. Gregorios | 5,000.00 |
| 12 | Dawakala, MGM School | 5,000.00 |
| 13 | Dhanpuri, MGM School | 25,000.00 |
| 14 | Itarsi, MGM School | 25,000.00 |
| 15 | Jabalpur, St. Mary's School | 35,000.00 |
| 16 | Jagdalpur, MGM School | 15,000.00 |
| 17 | Korba, Kamalini | 15,000.00 |
| 18 | Korba, MGM School | 35,000.00 |
| 19 | Patna, MGM School | 50,000.00 |
| 20 | Raipur, MGM School | 75,000.00 |
| 21 | Rourkela, MGM School | 75,000.00 |
| | TOTAL - E | **875,000.00** |



# ഭാഗ്യ സ്മരണാർഹനായ ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയെ കെ. എം ജോർജ് അച്ചൻ അനുസ്മരിക്കുന്നു...



ഞങ്ങളുടെ അമ്മവീടുകളുടെ സഭാനിലപാടിനെപ്പറ്റി ഞങ്ങൾ തന്നെ ഒരു കണക്കെടുത്തപ്പോൾ നാലിൽ മൂന്നും യാക്കോബായ വിഭാഗക്കാരാണ്. ഇത് ഒരുപക്ഷേ, കോട്ടയം ജില്ലയിലെ മാത്രം സ്ഥിതിയാവാം. നമ്മുടെ പിതാക്കന്മാരുടെ പ്രായോഗികബുദ്ധിയാവാം അതിനിടയാക്കിയത്. തെക്കും വടക്കുമുള്ളവർ തീവ്രനിലപാടുകൾ സ്വീകരിക്കുമ്പോൾ കോട്ടയം ഭദ്രാസനത്തിൽ നിലനിൽക്കുന്ന സൗഹൃദം നിലനിർത്താൻ നാം ഏതറ്റം വരെയും പോകണം എന്നാണ് ഞങ്ങളുടെ അഭിപ്രായം. കോട്ടയത്തിന്റെ ഈ സംസ്കാരം വെല്ലുവിളികൾ നേരിട്ടാൽ ഞങ്ങൾ എങ്ങനെ പ്രതികരിക്കണം?

നാം ക്രിസ്തീയ വിശ്വാസികൾ ആണെന്നു കരുതുന്നുണ്ടെങ്കിൽ യേശുക്രിസ്തുവിന്റെ അനുഗാമികൾ ആകണം. നൂറു ശതമാനം അങ്ങനെ ആകുവാൻ സാധിക്കും എന്ന് ഞാൻ പറയുന്നില്ല, നാം ഏവരും കുറവുള്ളവരാണ് . കഴിയുന്നിടത്തോളം കർത്താവ് പഠിപ്പിച്ച സ്നേഹം, ത്യാഗം എന്നിവ അനുർത്തിക്കുവാനൻ ശ്രമിക്കണം.

നമ്മുടെ അയൽക്കാരുമായുള്ള നീതിപൂർവ്വകമായ സ്നേഹബന്ധമാണ് കർത്താവിന്റെ ഇഷ്ടം. നമ്മുടെ ആളുകളുടെ മനസ്സിൽ വിഷം കയറ്റുന്ന വ്യക്തികൾ ഉണ്ട്. അത്തരം വിഷവലകൾക്ക് അകത്തുപെടാതിരിക്കുകയാണ് യുവജനങ്ങളായ നിങ്ങൾ ചെയ്യേണ്ടത്. അയല്ക്കാരനെയും ശത്രുവിനെയും സ്നേഹിക്കാൻ പഠിപ്പിച്ച കർത്താവിനോട് നമുക്ക് ഇന്നുള്ള ബന്ധം എന്താണെന്ന് നിങ്ങൾതന്നെ ചിന്തിക്കുക.

ഇന്ത്യൻ പാരമ്പര്യത്തിൽ 'കലി എന്നൊരു സങ്കല്പം ഉണ്ട്' കലി വരുമ്പോൾ ചിലർക്ക് അന്നുവരെ പഠിച്ച പല നല്ല കാര്യങ്ങളും മറന്നുപോകും. കലി ഒരു താമസശക്തി ആണ്, ഇരുട്ട് പരത്തുകയാണ് അതിന്റെ ജോലി. ഓർത്തഡോക്സ്, യാക്കോബായ എന്ന പേരിൽ കലി ബാധിക്കുന്നവർ മനുഷ്യജീവന്റെ എല്ലാ സൗന്ദര്യത്തെയും എല്ലാ സൗരഭ്യത്തെയും നശിപ്പിക്കുന്നു.

സഭയിൽ സമാധാനം എന്നത് സാധ്യമാണോ?

മനുഷ്യന്റെ ബന്ധങ്ങളിൽ അസാധ്യമായതൊന്നും ഇല്ല. നമ്മുടെ സഭയിൽ അനുതാപം എന്നതിന് വളരെ പ്രാധാന്യം നൽകുന്നുണ്ട്. നോമ്പു മുഴുവൻ അനുതാപത്തിന്റേതാണ്. വലിയ നോമ്പിന്റെ ആരംഭം അനുതാപത്തിലൂടെ ആണ് (ശുബ്കോനോ ശുശ്രൂഷ). പരസ്പരം ഉള്ള അനുരഞ്ജനത്തിന്റെ ശുശ്രൂഷയാണ് അത്. ഇത് ഇല്ലാതെ ലോകം മുമ്പോട്ടു പോകുകയില്ല. സഭയില് തീർച്ചയായും അത് ഉണ്ടാകണം. അനുതാപം ഉണ്ടെങ്കിലെ ഇവയെല്ലാം സാധ്യമാവുകയുള്ളൂ. കത്തോലിക്ക സഭ മധ്യനൂറ്റാണ്ടുകളിൽ ഒത്തിരി തെറ്റുകൾ മനുഷ്യരാശിക്കെതിരായി ചെയ്തിട്ടുണ്ട്. പക്ഷേ ആധുനിക കാലത്ത് മാർപാപ്പാമാർ പലതവണ തെറ്റുകൾ ഏറ്റുപറഞ്ഞിട്ടുണ്ട്. ഇത് അനുതാപമാണ്. ഫ്രാൻസിസ് മാർപാപ്പാ നല്ല ഉദാഹരണമാണ്.

കർക്കട്ടായിൽ കാലം ചെയ്ത തേവോദോസിയോസ് തിരുമേനി, പുന്നൂസ് അച്ചൻ ആയിരുന്നപ്പോൾ അന്നു ഞാൻ സെമിനാരിയിൽ ചേർന്ന സമയത്ത് പരുമലയിൽ വച്ച് ഉണ്ടായ ഒരു സംഭവം ഓർക്കുന്നു. അന്നു പരുമലയിൽ 'ഊട്ടുപുര' എന്ന ചെറിയ പഴയ ഒരു കെട്ടിടം ഉണ്ടായിരുന്നു. അച്ചന്മാർക്കെല്ലാം പെരുന്നാളിന് അവിടെ ഭക്ഷണം ഉണ്ട്. ഞാൻ ആദ്യമായി പരുമല പെരുന്നാളിനു പോയ സമയം ആയിരുന്നു. സെമിനാരിയിൽ നിന്ന് സെമിനാരി വിദ്യാർത്ഥികളൾക്കും ഊട്ടുപുരയിൽ ഭക്ഷണം കഴിക്കാനുള്ള അനുവാദം ഉണ്ടായിരുന്നു. ഭക്ഷണം സമയം ആയപ്പോൾ അവിടെ ഭയങ്കരമായ തിരക്ക്, ഞാൻ നോക്കുമ്പോൾ ഒരു അച്ചൻ മാത്രം കൈയ്യും കെട്ടി ശാന്തനായി മാറി നിൽക്കുന്നു. മറ്റുള്ളവർ തിരക്കുണ്ടാക്കുമ്പോൾ ഒരു വൈദികൻ മാത്രം ശാന്തനായി കാത്തുനിൽക്കുന്നത് ആദ്യ വർഷക്കാരായ സെമിനാരി വിദ്യാർത്ഥികളുടെ ശ്രദ്ധയിൽപെട്ടു. ആ വൈദികൻ ആരെന്നു തിരക്കിയപ്പോൾ ബോംബയിലെ പുന്നൂസ് അച്ചനാണ് എന്നറിഞ്ഞു. അന്നു വെറുതെ നിന്ന ആ വൈദികനു വെറും 20 വയസ്സുള്ള എന്നെ ആഴമായി സ്പർശിക്കാൻ കഴിഞ്ഞു.

സഭയുടെ മിഷൻ എന്നാൽ വഴക്ക് ഉണ്ടാക്കുക എന്നതല്ല. നേരായ ദിശാബോധം ഇടയന്മാർ പകർന്നു നൽകണം. ഇടയന് മുമ്പേ നടന്ന് ആടുകളെ പച്ചയായ മേച്ചിൽപുറങ്ങളിലേയ്ക്കും സ്വച്ഛതയുള്ള വെള്ളത്തിന്റെ അരികത്തേയ്ക്കും നയിക്കണം. നമ്മുടെ സഭയുടെ ജോലിയും ഇതുതന്നെയാണ്. ജനങ്ങളെ പച്ചയായ മേച്ചിൽപുറങ്ങളിലേയ്ക്കും സ്വച്ഛതയുള്ള വെള്ളത്തിന്റെ അരികത്തേയ്ക്കും നയിക്കുക എന്നത് ഞാനുൽപ്പെടെയുള്ള വൈദികനേതൃത്വത്തിന്റെ ചുമതലയാണ്. ഞങ്ങൽക്കു തെറ്റുപറ്റിയാൽ നിങ്ങൾ സ്നേഹപൂർവ്വം തിരുത്തണം. അതുപോലെ നിങ്ങളുടെ തിരുത്തലിനു വിധേയരാകാൻ അച്ചന്മാരും മെത്രാന്മാരുമായ ഞങ്ങളും വിനയപൂരവ്വം തയ്യാറാകണം. എല്ലാറ്റിലും ഉപരി, നമ്മുടെ പിതാവാം ദൈവത്തിന്റെ ആർദ്രകരുണയും മനുഷ്യസ്നേഹവും യേശുക്രിസ്തുവിലൂടെ നമുക്കു ലഭിച്ചതിനെ നന്ദിപൂർവ്വം ഓർക്കയും വേണം.

# HOLY MATRIMONY



*Sajo*

(S/O Mr. Joy P. Kuriakose &
Mrs. Aleyamma Joy)
H. No. A-54, Aamra Vihar Colony, Phase-I,
Nayapura, Kolar Road, Bhopal

**With**

*Tessy*

(D/O Mr. Thomaskutty &
Mrs. Kunjumol Thomas)
Mukalumpurathu Veedu, Kalanjoor P.O.
Pathanamthitta, Kerala

at
Mar Gregorios Orthodox Church
Kolar Road, Bhopal
**01.10.2018**

*Chief Celebrant* : **H.G. Dr. JOSEPH MAR DIONYSIUS**

*11th Blessed Remembrances of our beloved Thirumeni*

# L.L. Stephanos Mar Theodosius






# M.G.M. Higher Secondary School

*Hathital, Jabalpur*




*By - Vicar, Church Managing Committee, Management, Principal, Staff and Students*

*With best wishes from:-*



# P.A.ZACHARIAH

## ASSOCIATED INDUSTRIAL ENGINEERINGS (P) LTD.

ASHOK LEYLAND

Jodhadih More, Chas P.O – 827 013
Dist: Bokaro – Jharkhand State

06542-265814, 265844

9431127025, 9334353303

**Authorised Parts Dealers of :**
Ashok Leyland Ltd, Lucas Indian Service Ltd,
&
Gulf Oil Lubricants India Ltd

**Branches**

East: - Kolkata, Jamshedpur, Patna, Dhanbad & Govindpur
South: - Kollam, Trivandrum, Kochi, & Kottayam

*With best compliments from....*

# A ONE CONSTRUCTION

**BILASPUR (C.G.)**

*Construction, Building Materials,*
*Furniture, Fabrication, Tiles*
*&*
*Granites, Interior Decorations etc.*

**Mob.: 07000970465, 09111000640**

*With best compliments from....*

# SOUTHERN INDUSTRIAL GASES

**DEALS IN : All Kinds of Industrial Gases,**
**Welding Electrodes & Accessories.**

HIG-18, Parijat Castle, Ring Road No:2,
Bilaspur, Chhattisgarh 495001

*With best compliments from....*

# Sri Sai Construction

**Goal Bazar, Bilaspur (C.G.)**

**Pro : Navneet Gupta**

**Mob.: 9827878091**
**9827355655**

*Civil and Garden Work*

*With Best Compliments From :*

**Rajan George**
**+91 9893759240**



# Heritage



- **Tribal Art**
  Dokra Art, Bell Metal Art, Wrought Iron Art
- **Trophy House**
  Trophies, Medals, Shields, Gift Items.



- **Etching Work**
  Name Plates, Hoarding etc.



11th
**Blessed Remembrance of our beloved Thirumeni**

*L.L. Stephanos Mar Theodosius*

## MGM SCHOOL

**Jaffer Nagar, Katol Rd. (P. O.)**
**Nagpur (M.S.)**

*Run By :*

**St. George Orthodox Cathedral**
**Nagpur**



**അഭിവന്ദ്യ തേവോദോസിയോസ് തിരുമേനിയുടെ**
**മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**

## JOSE MUKKATHU

**6 B, Circus Avenue,**
**Ground Floor, Kolkata**




With best wishes from:-



M.G.M.
MISSION SCHOOL

L.C.T.Ghat, Mainpura, Patna-10
Ph.: 0612-2271047
Email : mgmschoolpatna@gmail.com

*In Loving Memory of*



**Late Mr. C.K.Varghese**

**Chirakal house, JF34, Jagda, Rourkela**

*Inserted by*

***Sorrowing Family***

*Congratulation...*



**World Peace Excellence award and PhD in peace education conferred to Fr Shibu Varghese by United Nations University for Global Peace (UNUGP-accredited by UN).**

**Stephanos Mar Theodosius Memorial Mission Centre celebrated its 5th Annual Day, Pathamuttom**




**Inaugural ceremony of PG. Department of Zoology at St. Thomas College, Bhilai.**





*In the blessed memory of our founder bishop*




# M.G.M. HIGHER SECONDARY SCHOOL
## BOKARO STEEL CITY
## JHARKHAND

For Private Circulation Only

Vol-IX Issue IV October - December 2018







11th
Remembrance
Day









YOUR SATISFACTION
IS OUR
SUCCESS

Design & Engineering...

Quality & Manufacturing...

Range of Products...

- Generator Air Coolers
- CACA & CACW Coolers
- Turbine Oil Coolers
- LP Heater
- Oil Coolers
- Transformer Oil-Coolers-OFAF
- Shell And Tube Heat Exchanger
- Wire Wound Fin Tubes
- Copper Crimped Fin Tubes
- High Performance Silencer
- Plug in Type Oil-Cooler etc.

Our Clients

ABB, ALSTOM, APGENCO, BHEL, NTPC, NHPC, VOITH SIEMENS



With Best Compliment.....

**FITWELL CORPORATION**

an ISO 9001:2008 Company

35, Sector A, Industrial Estate, Govindpura,
Bhopal, (M.P.) India, Pin-462023
Ph : +91 755 2586656, 4218981, 4218982, Fax: +91 755 4272244
Website : www.fitwell.in, Email: info@fitwell.in

Published by : Fr. Aju K Varghese for Diocese of Calcutta, Bhilai - 26 (C.G.)
Chief Editor : Fr. Dr. Abraham Oommen